# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 16 | ലക്കം 6 | പേജ് 8 | 2010 ഫെബ്രുവരി 1–15



2 ആലുവ തൃക്കുന്നത്ത് സെമിനാരി പെരുന്നാൾ

3 ആലുവ തൃക്കുന്നത്ത് സെമിനാരി പെരുന്നാൾ

5 കുമ്പസാരകൂദാശയുടെ വേദ പുസ്തകാടിസ്ഥാനം

7 ഞായറാഴ്ച വിവാഹങ്ങൾ നിരോധിക്കണം


## ഹൈക്കോടതിവിധി അനുസരിച്ച് തൃക്കുന്നത്ത് സെമിനാരി പള്ളി തുറന്ന് ഇരുവിഭാഗവും ആരാധന നടത്തി

ആലുവ : 32 വർഷം അടഞ്ഞുകിടന്ന ആലുവാ തൃക്കുന്നത്ത് സെമിനാരി പള്ളി ഹൈക്കോടതി വിധി അനുസരിച്ച് ആരാധനയ്ക്കായി തുറന്നു. ഈ വർഷത്തെ പെരുന്നാളിനോടനുബന്ധിച്ച് ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾക്ക് രണ്ട് വ്യത്യസ്ത സമയങ്ങളിലായി ആരാധന നടത്തുവാൻ വേണ്ടിയാണ് രണ്ടുദിവസത്തേക്ക് പള്ളി തുറന്നത്. ഹൈക്കോടതി നിർദ്ദേശപ്രകാരം ജനുവരി 23,24 തീയതികളിൽ രാവിലെ 7 മുതൽ 11 വരെ ഓർത്തഡോക്സ് സഭയ്ക്കും ഉച്ചയ്ക്കുശേഷം 1 മുതൽ 5 വരെ യാക്കോബായ സഭയ്ക്കും ആരാധന നടത്തുവാനാണ് പള്ളി തുറന്നു കൊടുത്തത്. പെരുന്നാൾ ആഘോഷങ്ങളിൽ നിയമലംഘനം നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്താൻ കമ്മീഷനെ നിയമിക്കണമെന്നാവശ്യപ്പെട്ട് ഓർത്തഡോക്സ് സഭ നൽകിയ ഹർജിയിലാണ് ഹൈക്കോടതി നിർണ്ണായക വിധി പ്രസ്താവിച്ചത്. കനത്ത പോലീസ് കാവലിൽ ഇരുവിഭാഗവും സമാധാനപരമായി പള്ളിയിൽ പ്രവേശിച്ച് പ്രാർത്ഥന നടത്തി. ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ.ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായും യാക്കോബായ സഭയുടെ ശ്രേഷ്ഠ ബാവായും പള്ളിയിൽ പ്രവേശിച്ച് പ്രാർത്ഥന നടത്തി. ഹൈക്കോടതിവിധിയെ തുടർന്ന് ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയ യോഗത്തിൽ ഇരുവിഭാഗത്തിലുംപെട്ട സഭാപ്രതിനിധികൾ എത്തിച്ചേർന്ന ധാരണ അനുസരിച്ചാണ് പള്ളി തുറന്നതും ആരാധനകൾ നടത്തിയതും. ആരാധനയും പെരുന്നാൾ നടത്തിപ്പും നിരീക്ഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അഭിഭാഷക കമ്മീഷനായി അഡ്വ.ശ്രീലാൽ വാര്യരെ കോടതി നിയോഗിച്ചിരുന്നു. ജില്ലാ കളക്ടർ സബ് കള

(ശേഷം പേജ് 7-ൽ)

### മലങ്കര അസോസിയേഷൻ

## മാനേജിംഗ് കമ്മിറ്റി പതിനൊന്നുപേരെ തെരഞ്ഞെടുത്തു

കോട്ടയം : മലങ്കര അസോസിയേഷനിലേക്കുള്ള മെത്രാൻ സ്ഥാനാർത്ഥി ലിസ്റ്റ് തയ്യാറാക്കാൻ മാനേജിംഗ് കമ്മിറ്റിയിൽ നടന്ന തെരഞ്ഞെടുപ്പിൽ കുന്നംകുളത്തുനിന്നുള്ള ഫാ.ഡോ.ജോർജ് പുലിക്കോട്ടിൽ ഏറ്റവും കൂടുതൽ വോട്ട് നേടി. സ്ക്രീനിംഗ് കമ്മിറ്റി സമർപ്പിച്ച പതിനാലംഗ ലിസ്റ്റിൽനിന്ന് 11 പേരെ തെരഞ്ഞെടുക്കാനാണ് മാനേജിംഗ് കമ്മിറ്റിയിൽ വോട്ടെടുപ്പ് നടത്തിയത്. മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ് ആരംഭിച്ചപ്പോൾ സ്ക്രീനിംഗ് കമ്മിറ്റിയുടെ നടപടികളെ ചോദ്യം ചെയ്തുകൊണ്ട് പല അംഗങ്ങളും എഴുന്നേറ്റെങ്കിലും ചർച്ച അനുവദിക്കാൻ സാധ്യമല്ലെന്ന കർശന നിർദ്ദേശം പ.കാതോലിക്കാ

(ശേഷം പേജ് 2-ൽ)

## ഫാ.ഒ.പി.വർഗീസും ഫാ.പി.സി.തോമസും പരാജയപ്പെട്ടത് സേവേറിയോസ് മെത്രാപ്പോലീത്തായോടും ഫാ.റ്റി.ജെ.ജോഷ്വായോടുമുള്ള എതിർപ്പുമൂലമെന്ന്

കോട്ടയം : മാനേജിംഗ് കമ്മിറ്റിയിൽ നടന്ന വോട്ടെടുപ്പിൽ കണ്ടനാട് ഭദ്രാസനത്തിൽനിന്നുള്ള ഫാ.ഒ.പി.വർഗീസിനെയും കോട്ടയം ഭദ്രാസനത്തിൽനിന്നുള്ള ഫാ.പി.സി.തോമസിനെയും പരാജയപ്പെടുത്തിയത് അവർ മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെയും ഫാ.റ്റി.ജെ.ജോഷ്വായുടെയും സ്ഥാനാർത്ഥികളായതുകൊണ്ടാണെന്ന് മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ വി.കെ.രാജൻ, പി.ഐ.എൽദോ, റോയി ജോർജ്, പൈലി തുടങ്ങിയവർ പറഞ്ഞു. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായോട് മലങ്കരസഭയിൽ എല്ലായിടത്തും ശക്തമായ എതിർപ്പുണ്ടെന്ന് ചില മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ പറഞ്ഞു.

(ശേഷം പേജ് 2-ൽ)

മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ ഒന്നാം ശ്രാദ്ധപ്പെരുന്നാൾ ഫെബ്രുവരി 8,9 തീയതികളിൽ കൊല്ലം അരമന കത്തീഡ്രലിൽ

## മദ്യപാനാസക്തിയിൽനിന്ന് സമൂഹത്തെ രക്ഷിക്കുക : സഖറിയാസ് മാർ അന്തോണിയോസ്

കൊട്ടാരക്കര : മദ്യപാനാസക്തിയിൽനിന്ന് കേരള സമൂഹത്തെ രക്ഷിക്കുവാൻ കഴിവുള്ളതൊക്കെ ചെയ്യണമെന്ന് സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. കൊട്ടാരക്കര കൺവൻഷനോടനുബന്ധിച്ച് നടന്ന കൊല്ലം, തിരുവനന്തപുരം ഭദ്രാസനങ്ങളിലെ വൈദികരുടെ സംയുക്ത സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ ക്രൈസ്തവരുടെ ഇടയിൽ ആപൽക്കരമായി ഉയരുന്ന മദ്യപാനാസക്തിയെക്കുറിച്ച് വൈദികർ ബോധവാന്മാരായിരിക്കണമെന്നും അതിനെതിരെ ശക്തമായി പ്രതികരിക്കാൻ സാധിക്കണമെന്നും മെത്രാപ്പോലീത്താ പറഞ്ഞു. വിവിധ കൂട്ടായ്മകളിലേക്കുള്ള സഭാംഗങ്ങളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ കണ്ടുപിടിച്ച് പരിഹരിക്കാൻ സാധിക്കണമെന്ന് മുഖ്യ പ്രഭാഷണം നടത്തിയ ഫാ.ഡോ.എം.ഒ.ജോൺ പറഞ്ഞു.

## അവാർഡ് നൽകി ആദരിച്ചു

കുടശ്ശനാട് : കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ പള്ളിഭാഗം യുവജനപ്രസ്ഥാനം വിവിധ തുറകളിൽ പ്രശംസനീയമായ സേവനം നൽകിയിട്ടുള്ള പ്രശസ്ത വ്യക്തികളെ അവാർഡ് നൽകി ആദരിച്ചു. ഇടവക വികാരി ഫാ.ജോൺ പോളിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അവാർഡ് ദാന സമ്മേളനത്തിൽ ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ അനുസ്മരണ പ്രഭാഷണവും പ്രൊഫ.നൈനാൻ കോശി മുഖ്യ പ്രഭാഷണവും നടത്തി. പ്രസാർ ഭാരതി ഡയറക്ടർ ഡോ.ജോർജ് വർഗീസിന് സെന്റ് സ്റ്റീഫൻസ് ജ്യുവൽ അവാർഡും ഐ.എസ്.ഒ. ഗ്ലോബൽ ചെയർമാൻ കുരുവിള വർഗീസിന് സെന്റ് സ്റ്റീഫൻസ് ശ്രേഷ്ഠ അവാർഡും ഗാന്ധിയൂണിവേഴ്സിറ്റി എക്സാമിനേഷൻ കൺട്രോളർ ഡോ.തോമസ് ജോൺ മാമ്പ്രയ്ക്ക് സെന്റ് സ്റ്റീഫൻസ് വിദ്യ അവാർഡും നൽകി ആദരിച്ചു. ഫാ.ഡോ.എം.ഒ.ജോൺ, ഫാ.ദാനിയേൽ പുല്ലേലിൽ, പ്രൊഫ.ജോൺ മാത്യു, പ്രൊഫ.ജി.ജോൺ, പ്രൊഫ.ഡോ.കെ.സി.രാജു, ജോൺസൺ കീപ്പള്ളിൽ, രാജീവ് വേണാട്, ലിജോ ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

### മലങ്കരസഭയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനവും അധികാരവും..... കഴിഞ്ഞലക്കം തുടർച്ച

## മാർത്തോമ്മായുടെ സിംഹാസനം ചോദ്യം ചെയ്തുള്ള പാത്രിയർക്കീസിന്റെ കത്തും അതിനുള്ള മറുപടിയും

ഫാ.ഡോ.എം.ഒ.ജോൺ

### ആമുഖം

മലങ്കരയിലെ കാതോലിക്കാ സ്ഥാനം മഫ്രിയാനാ സ്ഥാനം മാത്രമാണെന്നായിരുന്നു എക്കാലവും പാത്രിയർക്കീസന്മാരുടെ നിലപാട്. യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെയും നിലപാടതായിരുന്നു. പൂർണ്ണ സ്വതന്ത്രമായ ഒരു കാതോലിക്കേറ്റ് മലങ്കരസഭയും വിഭാവനം ചെയ്തിരുന്നില്ലാ എന്നാണ് 1912-ലെ കാതോലിക്കാ സ്ഥാപന സമയത്ത് അബ്ദേദ് മശിഹാ പുറപ്പെടുവിച്ച സ്ഥാത്തിക്കോനുകളും 1934-ലെ ഭരണഘടനയും, മലങ്കരസഭ അംഗീകരിച്ച ഹൂദായ കാനോനും, 1958-ലെ സഭാസമാധാനവും 1964-ലെ കാതോലിക്കാ വാഴ്ചയും നൽകുന്ന സൂചനകൾ. പൂർണ്ണ സ്വതന്ത്രമായ ഒരു സഭാതലവന്റെ സ്ഥാനം വിഭാവനം ചെയ്തിരുന്നെങ്കിൽ അതിനുതക്ക നടപടികൾ ഉണ്ടായേനെ. ഔദ്യോഗിക തലത്തിൽ അതുണ്ടായില്ല. എല്ലാക്കാര്യങ്ങളിലും പാത്രിയർക്കീസിനോട് വിധേയത്വം പുലർത്തുന്ന ഒരു നിലപാടായിരുന്നു മലങ്കരസഭ വെച്ചുപുലർത്തിയത്.

പൂർണ്ണ സ്വതന്ത്രമായ ഒരു സഭാതലവനായി ഔഗേൻ ബാവായെ അംഗീകരിക്കാൻ പാത്രിയർക്കീസ് തയ്യാറാകുന്നില്ല. ഒരു സഭയിൽ ഒരു പരമാധികാര സ്ഥാനമെ അഥവാ ഒരു സിംഹാസനമേ പാടുള്ളു എന്ന ധാരണയാണ് മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തെ പാത്രിയർക്കീസ് ചോദ്യം ചെയ്യുന്നതിന്റെ അകപ്പൊരുൾ. 1995-ലെ സുപ്രീംകോടതിവിധിയിലും പറയുന്നതുഒരു സഭ, ഒരു പാത്രിയർക്കീസ്, ഒരു കാതോലിക്കോസ് എന്നാണ്. ഇതിനെ മലങ്കരസഭയിലെ രണ്ട് വിഭാഗങ്ങളും വ്യത്യസ്തമായാണ് മനസ്സിലാക്കിയിരിക്കുന്നതും വ്യാഖ്യാനിക്കുന്നതും. ഇവിടെ കാതോലിക്കോസിനെ പാത്രിയർക്കീസിന്റെ തുല്യസ്ഥാനിയായി കണക്കാക്കാൻ പാത്രിയർക്കീസ് തയ്യാറല്ല. കീഴ്സ്ഥാനിയായ മഫ്രിയാനാ മാത്രം. എന്നാൽ 1912 മുതൽ 1964 വരെയുള്ള കാലഘട്ടം കൊണ്ട് സ്വതന്ത്രമായ ഒരു കാതോലിക്കേറ്റിനെക്കുറിച്ചുള്ള ചിന്ത മലങ്കരസഭാംഗങ്ങളുടെ ഉള്ളിൽ പ്രത്യേകിച്ച് കോട്ടയം, നിരണം, തുമ്പമൺ കൊല്ലം ഭദ്രാസനങ്ങളിൽ പ്രബലപ്പെട്ടുവന്നു. അതിനെ സഭാചരിത്രത്തിന്റെയും കാനോന്റെയും വേദശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കാനും വ്യക്തമാക്കാനും അക്കാലഘട്ടത്തിലും മലങ്കരസഭയ്ക്ക് സാധിച്ചില്ല. അല്ലെങ്കിൽ അതിനു ശ്രമിച്ചില്ല.

കാതോലിക്കേറ്റിനെയും മഫ്രിയാനേറ്റിനെയും വേർതിരിച്ചറിഞ്ഞു മനസ്സിലാക്കുവാനോ, 1912-ൽ നടന്നത് പുനഃസ്ഥാപനമല്ലെന്നു പറയാനോ ഭരണഘടനാവ്യവസ്ഥകളെ സംബന്ധിച്ച് സ്വതന്ത്രമായ നിലപാടെടുക്കാനോ മലങ്കരസഭയ്ക്ക് സാധിച്ചില്ല. അങ്ങനെ അജ്ഞതയിൽ നിൽക്കുമ്പോൾതന്നെ സഭയ്ക്കുള്ളിൽ അധികാരവടംവലിയും വടക്ക് തെക്ക് എന്നുള്ള ചേരിതിരിവും മെത്രാച്ചന്മാരു തമ്മിൽതന്നെ അധികാരവടംവലിയും ഒക്കെ ഉണ്ടായി. പാത്രിയർക്കീസിനോട് കൂടുതൽ വിധേയത്വം പുർത്തുന്നവരും, കുറച്ചു വിധേയത്വം പുലർത്തുന്നവരും സഭാംഗങ്ങളും മെത്രാപ്പോലീത്തന്മാരുമൊക്കെയായ ചിലരുടെ മേൽ അമിതാധികാരം പ്രയോഗിക്കണമെന്നാഗ്രഹിച്ചവരും അതിനെ എതിർത്തവരും തുടങ്ങിയ പലതരത്തിലുള്ള ചേരിതിരിവുകൾ സഭയിൽ ഉണ്ടായി. 1958-ലെ ഐക്യവും വെറും കപടനാടകമായി മാറി. ഇത് സഭാകാര്യത്തിൽ കൂടുതൽ ശക്തിയോടെ ഇടപെടാൻ പാത്രിയർക്കീസിന് അവസരമൊരുക്കി.

### ഔഗേൻ ബാവായെ വരുതിയിൽ നിർത്തുന്ന പാത്രിയർക്കീസ്

മലങ്കരയിലെ നാലാമത്തെ കാതോലിക്കാ ആയി മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളുന്ന പൗരസ്ത്യ കാതോലിക്കാ ആയി ആണ് മലങ്കരസഭ പ. ഔഗേൻ ബാവായെ കണ്ടത്. എന്നാൽ പാത്രിയർക്കീസിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു മഫ്രിയാനാ മാത്ര

(ശേഷം പേജ് 4-ൽ)

# സഭാകേസ് : കോടതി ഇടപെടലിൽ പ്രതീക്ഷ

കോട്ടയം : തൃക്കുന്നത്ത് സെമിനാരി സെന്റ് മേരീസ് പള്ളിയുടെ അവകാശത്തെ സംബന്ധിച്ച് മലങ്കരസഭയിൽ നിലനിൽക്കുന്ന തർക്കങ്ങളിന്മേലുള്ള ഹൈക്കോടതി ഇടപെടൽ ശുഭസൂചനയാണെന്ന് ഇരുപക്ഷത്തെയും സമാധാന കാംഷികൾ കരുതുന്നു.

തർക്കങ്ങളുടെ പേരിൽ 32 വർഷമായി പൂട്ടിക്കിടക്കുന്ന പള്ളി തുറന്ന് ആരാധന നടന്നത് കോടതിയുടെ ഇടപെടൽ മൂലമാണ്. സഭാപ്രശ്നത്തിന്റെ പേരിൽ വിശ്വാസികൾക്ക് ആരാധനയ്ക്ക് അവസരം നിഷേധിക്കാൻ പാടില്ലെന്ന ശക്തമായ നിലപാടായിരുന്നു കോടതിയുടേത്.

പല പള്ളികൾ സംബന്ധിച്ചും യാക്കോബായ, ഓർത്തഡോക്സ് പക്ഷങ്ങൾ തമ്മിൽ നിയമയുദ്ധത്തിലായിരുന്നു. ചിലത് ഇപ്പോഴും പൂട്ടിക്കിടക്കുകയാണ്. സുപ്രീംകോടതിവിധി വരെ ഉണ്ടായിട്ടും ശാശ്വതമായ പരിഹാരമുണ്ടായില്ല.

തൃക്കുന്നത്ത് സെമിനാരി പള്ളിയെച്ചൊല്ലിയാണ് യാക്കോബായ, ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ രൂക്ഷമായ സംഘർഷം ഉണ്ടായിട്ടുള്ളത്. എന്നാൽ ഇപ്രാവശ്യം കോടതിയുടെ ഇടപെടലിനെ തുടർന്ന് ഇരുവിഭാഗവും സമാധാനപരമായി ഇവിടെ ആരാധന നടത്തുകയായിരുന്നു. ക്രമീകരണങ്ങൾ കൃത്യമായി നടക്കുന്നുണ്ടോ എന്ന് നോക്കാൻ അഭിഭാഷക കമ്മീഷനെ കോടതി നിയോഗിച്ചിരുന്നു. ഇരുവിഭാഗത്തിന്റെയും മതമേലദ്ധ്യക്ഷന്മാർ സമയം ക്രമീകരിച്ച് പള്ളിയിൽ ആരാധന നടത്തിയത് നല്ല സൂചനയായാണ് സമാധാന കാംക്ഷികൾ കാണുന്നത്. കോടതിവിധി ആഹ്ലാദത്തോടെയാണ് യാക്കോബായ സഭ സ്വാഗതം ചെയ്തത്. തങ്ങളുമായി വളരെ ആത്മബന്ധമുള്ളതാണ് തൃക്കുന്നത്ത് സെമിനാരി എന്ന് അവർ പറയുന്നു. ദീർഘകാലം സഭയുടെ ആസ്ഥാനംകൂടിയായിരുന്നു. അവിടെ കബറടങ്ങിയിരിക്കുന്ന കടവിൽ പൗലോസ് മാർ അത്താനാസിയോസ്, പൗലോസ് മാർ അത്താനാസിയോസ് വലിയ തിരുമേനി, വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് എന്നിവർ യാക്കോബായ പക്ഷത്തിന്റെ മെത്രാപ്പോലീത്തന്മാരായിരുന്നു എന്നും അവർ പറയുന്നു.

പാത്രിയർക്കീസ് ബാവാ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ കബറിടവും ഇവിടെയാണ്.

ഓർത്തഡോക്സ് സഭയും പള്ളി തുറക്കുന്നതിനെ സ്വാഗതം ചെയ്തു. 1966 മുതൽ അവിടെ മെത്രാപ്പോലീത്തായായിരുന്ന ഫിലിപ്പോസ് മാർ തെയോഫിലോസിന്റെ കബറിടം ഇവിടെയാണ്.

ഓർത്തഡോക്സ് വിഭാഗത്തെ സംബന്ധിച്ചിടത്തോളം അതിനു വലിയ പ്രാധാന്യമുണ്ട്. 1934–ലെ ഭരണഘടന പ്രകാരം മലങ്കര മെത്രാപ്പോലീത്തായാണ് സെമിനാരിയുടെ യഥാർത്ഥ അവകാശി എന്ന് അവർ വാദിക്കുന്നു. 95–ലുണ്ടായ സുപ്രീംകോടതിവിധിയും ഇതിന് ഉപോത്ബലകമായി ചൂണ്ടിക്കാണിക്കുന്നു. എന്തായാലും ഇരുവിഭാഗക്കാരും കോടതിയുടെ ഏറ്റവും പുതിയ നിലപാടിനെ സ്വാഗതം ചെയ്യുകയും അനുസരിക്കുകയും ചെയ്ത നിലയ്ക്ക് ശാശ്വതമായ പ്രശ്നപരിഹാരം ക്രമേണ ഉണ്ടാകുമെന്ന പ്രതീക്ഷയാണ് വിശ്വാസികൾക്ക്. (മാതൃഭൂമി 2010 ജനുവരി 29)

# നിയമനിഷേധം അരുത് : ഓർത്തഡോക്സ് സഭ

കോട്ടയം : കോടതിവിധികൾ, സമാധാന ഉടമ്പടികൾ, ഉഭയസമ്മത ഉടമ്പടികൾ എന്നിവ ലംഘിച്ചും കോടതിനിരോധനങ്ങൾ അവഗണിച്ചും കയ്യേറ്റശ്രമങ്ങളിലൂടെ പള്ളികൾ പൂട്ടിയിടാൻ നിർബന്ധിതരാക്കിയവർതന്നെ താൽക്കാലിക പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് പത്രപ്രസ്താവനകൾ നടത്തുന്നതു വിചിത്രമാണെന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ്.

തൃക്കുന്നത്ത് സെമിനാരി പള്ളി പെരുന്നാൾ ദിനങ്ങളിൽ പ്രാർത്ഥനയ്ക്കായി തുറന്നു സൗകര്യമൊരുക്കാൻ ഓർത്തഡോക്സ് സഭയോടാണു കോടതി നിർദ്ദേശിച്ചത്.

പള്ളിയുടെ താക്കോൽ കൈവശം വച്ചിരിക്കുന്നത് അങ്കമാലി ഭദ്രാസനാധിപൻ യൂഹാനോൻ മാർ പോളികാർപ്പോസ് ആണ്.

തർക്കങ്ങൾക്കു ശാശ്വത പരിഹാരമുണ്ടാകുംവരെ ഇരുവിഭാഗത്തിനും സമയം നിശ്ചയിച്ച് ആരാധന നടത്താനുള്ള ക്രമീകരണം ചെയ്യണമെന്ന നിർദ്ദേശം ആത്മാർത്ഥതയോടെയാണെങ്കിൽ ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി കോടതിവിധി ഉണ്ടായിട്ടുള്ള കോതമംഗലം മാർത്തോമ്മൻ ചെറിയപള്ളിയിൽ അതു നടപ്പാക്കി മാതൃക കാണിക്കാൻ യാക്കോബായ നേതൃത്വം തയ്യാറാകണമെന്ന് നിയുക്ത ബാവാ പറഞ്ഞു.

## മാനേജിംഗ് കമ്മിറ്റി .... പേജ് 1–ൽനിന്ന്

ബാവാ നൽകിയതോടെ അംഗങ്ങൾ ശാന്തരായി.

സ്ക്രീനിംഗ് കമ്മിറ്റി നടപടികളോടും സ്ക്രീനിംഗ് കമ്മിറ്റിയിൽ വോട്ടെടുപ്പ് നടത്തി സ്ഥാനാർത്ഥികളെ നിർദ്ദേശിച്ചതിനോടും പല മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും ശക്തമായ പ്രതിഷേധമുണ്ടായിരുന്നു. മാനേജിംഗ് കമ്മിറ്റി യോഗം കൂടുന്നതിനു മുമ്പ് അംഗങ്ങൾ ഒറ്റയ്ക്കും കൂട്ടായും സ്ക്രീനിംഗ് കമ്മിറ്റി നടപടികളെ ചോദ്യം ചെയ്തും വിമർശിച്ചും സംസാരിക്കുന്നുണ്ടായിരുന്നു. എന്നാൽ ചർച്ച അനുവദിക്കുന്നില്ലായെന്നുള്ള റൂളിംഗ് അംഗങ്ങൾ അനുസരിച്ചു. വോട്ടിംഗിനുശേഷം സ്ക്രീനിംഗ് കമ്മിറ്റി ചെയ്ത നടപടികളെല്ലാം അംഗീകരിക്കുന്നു എന്നു പറയുന്ന നന്ദി പ്രമേയം ഫാ.ജോൺസ് ഏബ്രഹാം കോനാട്ട് അവതരിപ്പിച്ചെങ്കിലും അംഗങ്ങളുടെ ശക്തമായ എതിർപ്പുമൂലം അത് പിൻവലിക്കേണ്ടിവന്നു.

മാനേജിംഗ് കമ്മിറ്റിയിൽ നടന്ന തെരഞ്ഞെടുപ്പിൽ അംഗങ്ങളിൽ ഭൂരിപക്ഷവും പതിനൊന്നുപേർക്കും വോട്ടുചെയ്തു. എന്നാൽ മൂന്നോ നാലോ അഞ്ചോ പേർക്കു മാത്രം വോട്ടുചെയ്തവരുമുണ്ട്.

ആകെ രേഖപ്പെടുത്തിയ 161 വോട്ടുകളിൽ 144 വോട്ടുനേടി ഫാ.ഡോ.ജോർജ് പുലിക്കോട്ടിൽ ഒന്നാം സ്ഥാനത്തെത്തി. യോഗ്യതയില്ലെന്നു പറഞ്ഞ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സ്ക്രീനിംഗ് കമ്മിറ്റി പുറത്താക്കിയ ആളാണ് ഫാ.ജോർജ് പുലിക്കോട്ടിൽ. സഭാനേതൃത്വത്തിന് അധികം താൽപര്യമുള്ള ആളല്ല അദ്ദേഹം എന്ന അഭിപ്രായം തന്നെ അദ്ദേഹത്തിന് വോട്ടുകൾ കൂടാൻ കാരണമായി.

വെരി.റവ.യൂഹാനോൻ റമ്പാൻ, വെരി.റവ.നഥനിയേൽ റമ്പാൻ, ഇലവങ്കാട് ഗീവർഗീസ് റമ്പാൻ, ഫാ.ഡോ.സാബു കുറിയാക്കോസ്, ഫാ.ഡോ.ജോൺ മാത്യൂസ്, ഫാ.ഡോ.വി.എം. ഏബ്രഹാം, ഫാ.വി.എം.ജെയിംസ്, ഫാ.സഖറിയാ ഒ.ഐ.സി., ഫാ.എം.കെ.കുര്യൻ, ഫാ. മാത്തുക്കുട്ടി എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ട മറ്റു സ്ഥാനാർത്ഥികൾ

കണ്ടനാട് ഭദ്രാസനത്തിൽനിന്നുള്ള ഫാ.ഡോ.ഒ.പി.വർഗീസ്, ദേവലോകം അരമന മാനേജർ വെരി.റവ.ഗീവർഗീസ് റമ്പാൻ, കോട്ടയം ഭദ്രാസനത്തിൽനിന്നുള്ള പി.സി.തോമസ് എന്നിവരാണ് മാനേജിംഗ് കമ്മിറ്റിയിൽ പരാജയപ്പെട്ട സ്ഥാനാർത്ഥികൾ. ഇതിൽ ഫാ.ഒ.പി.വർഗീസിനെയും, പി.സി.തോമസിനെയും പരാജയപ്പെടുത്താൻ സംഘടിതശ്രമമുണ്ടായിരുന്നു.

# ആലുവാ തൃക്കുന്നത്ത് സെമിനാരി 32 വർഷം അടഞ്ഞുകിടന്നില്ലെന്നു മണ്ണാപ്രായിൽ കോർഎപ്പിസ്കോപ്പാ

ആലുവ : തൃക്കുന്നത്ത് സെമിനാരി പള്ളി 32 വർഷമായി പൂട്ടിക്കിടക്കുകയായിരുന്നു എന്നുള്ള പ്രസ്താവന തെറ്റാണെന്നു മുപ്പതിലധികം വർഷം സെമിനാരി മാനേജരായിരുന്ന ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ പറഞ്ഞു. സെമിനാരി പള്ളിയിൽ 1992 ഡിസംബർ 19ന് എറണാകുളം ജില്ലാ കളക്ടറുടെയും എസ്.പി.യുടെയും സാന്നിദ്ധ്യത്തിൽ താൻ കുർബ്ബാന ചൊല്ലിയിട്ടുണ്ടെന്നും, 1997 നവംബർ 6ന് തെയോഫിലോസ് തിരുമേനിയുടെ 40–ാം അടിയന്തിരം പ്രമാണിച്ച് സെമിനാരി അങ്കണത്തിൽ പന്തലിട്ട് പ.കാതോലിക്കാ ബാവാ കുർബ്ബാന ചൊല്ലിയിട്ടുണ്ടെന്നും 1996–ൽ മെയിന്റൻസ് ജോലികൾക്കായി 78 ദിവസം തുറന്നിട്ടിരുന്നെന്നും മണ്ണാറപ്രായിൽ കോർ എപ്പിസ്കോപ്പാ പറഞ്ഞു.

2005 ജൂണിൽ മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പായെ സെമിനാരി മാനേജർ സ്ഥാനത്തുനിന്നു മാറ്റിയതിനെ ശ്രേഷ്ഠ ബാവാ ശക്തമായി എതിർത്തു. സെമിനാരി പള്ളി തുറന്നു കയറുവാൻ പ്രക്ഷോഭം സംഘടിപ്പിച്ചു. ആ സമരം ഒത്തുതീർപ്പാക്കുവാനും മണ്ണാറപ്രായിലച്ചന്റെ മാറ്റം അംഗീകരിക്കുവാനും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നേതൃത്വം എടുത്ത് ഒത്തുതീർപ്പ് വ്യവസ്ഥകളുണ്ടാക്കി. ഒത്തുതീർപ്പ് അനുസരിച്ച് പൂട്ടിക്കിടക്കുന്ന പള്ളിയോട് ചേർന്നുള്ള കബർമുറി തുറക്കുവാനും, എല്ലാദിവസവും പകൽസമയം തുറന്നിടുവാനും ധാരണയായി.

പ്രചരണങ്ങൾ ഒന്നും നടത്താതെ രഹസ്യമായി 2005 ജൂലൈ 9–ാം തീയതി രാത്രി 3.30 മണിക്ക് ശ്രേഷ്ഠ ബാവായെ പോലീസ് സാന്നിദ്ധ്യത്തിൽ കബർ മുറിയിൽ കയറ്റി പ്രാർത്ഥിക്കുവാൻ അനുവദിച്ചു. അന്ന് അദ്ദേഹത്തെ പള്ളിയ്ക്ക് അകത്തുകൂടെയാണ് കബർമുറിയിലേക്ക് പ്രവേശിപ്പിച്ചതെന്നും പറയുന്നുണ്ട്. അതോടെ പ്രക്ഷോഭം കെട്ടടങ്ങി. അന്നുമുതൽ കബർമുറി തുറന്നുകിടക്കുന്നു. പള്ളി പൂട്ടിത്തന്നെ കിടക്കുന്നു. 2006 ജനുവരി 25–ാം തീയതി പെരുന്നാളിനോടനുബന്ധിച്ച് പാത്രിയർക്കീസ് വിഭാഗം ജനങ്ങൾക്ക് റാസയായി വന്ന് കബർമുറിയിൽ കയറി പ്രാർത്ഥിക്കുവാൻ അനുവാദം നൽകി. ഓർത്തഡോക്സ് സഭയുടെ പ്രതിഷേധം വകവെയ്ക്കാതെ (സഭയിലെ ഒരു മെത്രാപ്പോലീത്തായുടേയും മറ്റുചില ഉന്നതരുടേയും മൗനാനുവാദത്തോടെ എന്നു പറയുന്നു) 2006 ജനുവരി 25 വൈകിട്ട് റാസയോടൊപ്പം വന്ന പാത്രിയർക്കീസ് വിഭാഗം വൈദികർ കബർ മുറിയിൽ കയറി ധൂപാർപ്പണം നടത്തി.

2007 ജനുവരി 25–ാം തീയതി വൈകിട്ട് പാത്രിയർക്കീസ് വിഭാഗം ജനങ്ങൾ റാസയായി വന്നു, പുരോഹിതന്മാർ അതിന്റെ പിറകെ വന്നു. അതിന്റെ പിന്നാലെ വമ്പിച്ച പോലീസ് സന്നാഹത്തിന്റെ അകമ്പടിയോടെ ഓർത്തഡോക്സ് സഭയുടെ പ്രതിഷേധം വകവെയ്ക്കാതെ ശ്രേഷ്ഠ ബാവായും 7 മെത്രാപ്പോലീത്തന്മാരും കബർമുറിയിൽ കയറി ധൂപപ്രാർത്ഥന നടത്തി.

2008–ലും 2009–ലും ജനുവരിയിൽ പെരുന്നാളിനോടനുബന്ധിച്ച് ശ്രേഷ്ഠ ബാവായും മെത്രാപ്പോലീത്തന്മാരും ജനങ്ങളും കബറിങ്കൽ കയറുകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു. 2010 ജനുവരിയിൽ ശ്രേഷ്ഠ ബാവായും സംഘവും തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ കോടതിയുടെ പിൻബലത്തിൽ ഔദ്യോഗികമായി തന്നെ തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ കയറുകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു. ഓരോ വർഷവും പടിപടിയായുണ്ടാകുന്ന ശ്രേഷ്ഠ ബാവായുടെ മുന്നേറ്റം ഓർത്തഡോക്സ് സഭയുടെ പരാജയവും സഭയ്ക്ക് ഒരു വെല്ലുവിളിയാണ്.

## ഫാ.ഒ.പി.വർഗീസും .... പേജ് 1–ൽനിന്ന്

പ്രായം തികയാതിരുന്ന ഫാ.പി.സി.തോമസിനെ സ്ഥാനാർത്ഥിയാകാൻ പ്രോത്സാഹിപ്പിച്ചതു ഫാ.റ്റി.ജെ.ജോഷ്വായാണെന്നാണറിയുന്നത്. ഫാ.പി.സി.തോമസിനെ പരാജയപ്പെടുത്തണമെന്നു പ്രചരിപ്പിച്ചവർ ഫാ.റ്റി.ജെ.ജോഷ്വായോടുള്ള എതിർപ്പാണ് പ്രകടിപ്പിച്ചത്.

സ്ക്രീനിംഗ് കമ്മിറ്റിയിൽ സേവേറിയോസ് മെത്രാപ്പോലീത്താ രാഷ്ട്രീയം കളിച്ചു എന്നാണ് പൊതുവെയുള്ള വിശ്വാസം. ഫാ.റ്റി.ജെ.ജോഷ്വായും വൈദികട്രസ്റ്റി ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ടും അദ്ദേഹത്തോട് ചേർന്നു നിന്നു. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിൽനിന്നുള്ള ഇവർ രണ്ടുപേരോടുമുള്ള ശക്തമായ എതിർപ്പാണ് പ്രത്യേകിച്ച് സേവേറിയോസ് തിരുമേനിയോടുള്ള എതിർപ്പാണ് ഫാ.ഒ.പി.വർഗീസിനെ പരാജയപ്പെടുത്തിയതിലൂടെ അംഗങ്ങൾ പ്രകടിപ്പിച്ചതെന്ന് വി.കെ.രാജൻ പറഞ്ഞു. തിരുവനന്തപുരം, കൊല്ലം, തുമ്പമൺ, മാവേലിക്കര തുടങ്ങിയ തെക്കൻ ഭദ്രാസനങ്ങളിൽനിന്നുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങളും മദ്രാസ്, കൽക്കട്ട തുടങ്ങിയ ബാഹ്യകേരളാ ഭദ്രാസനങ്ങളിൽനിന്നുള്ളവരും ഫാ.ഒ.പി.വർഗീസിനും ഫാ.പി.സി.തോമസിനും എതിരെ വോട്ടുചെയ്തുവെന്നാണറിയുന്നത്.

മാനേജിംഗ് കമ്മിറ്റി യോഗത്തിന് വളരെ മുമ്പെ എത്തിയ അംഗങ്ങൾ ചില സ്ഥാനാർത്ഥികൾക്കുവേണ്ടി പ്രചരണവും മറ്റു ചിലർക്കുവേണ്ടി എതിർപ്രചരണവും നടത്തി. തുമ്പമൺ കൊല്ലം ഭദ്രാസനങ്ങളിലെ വൈദികർ ശ്രമിച്ചതുകൊണ്ടാണ് ഫാ.ജോൺസ് ഏബ്രഹാം കോനാട്ട് വൈദികട്രസ്റ്റി സ്ഥാനത്തേക്ക് വന്നത്. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ചെയ്തികൾ അവർക്കു ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്നും അതിനു ശക്തമായ തിരിച്ചടി നൽകുമെന്നും കൊല്ലം തുമ്പമൺ ഭദ്രാസനങ്ങളിലെ ചില പ്രമുഖ വൈദികർ മാനേജിംഗ് കമ്മിറ്റി അംഗങ്ങളോടു നേരത്തെ പറഞ്ഞിരുന്നു.

സേവേറിയോസ് തിരുമേനി ചെയ്ത കുറ്റത്തിന് ഒ.പി.വർഗീസ് അച്ചനെ ബലിയാടാക്കരുതെന്ന അഭ്യർത്ഥനയുമായി വടക്കൻ ഭദ്രാസനത്തിലെ ചിലരും രംഗത്തുണ്ടായിരുന്നു. വടക്കൻ ഭദ്രാസനത്തിൽനിന്നുള്ള ആളിനെ തഴയരുതെന്നു പറഞ്ഞ് വടക്കൻ ഭദ്രാസനങ്ങളിൽപ്പെട്ട പലരും തെക്കൻ ഭദ്രാസനങ്ങളിൽനിന്നുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ സമീപിച്ചിരുന്നു.

യോഗം കൂടിയ ദിവസം രാവിലെ ഫാ.ഒ.പി.വർഗീസിനും ഫാ.പി.സി.തോമസിനും ഫാ. വി.എം.ജെയിംസിനും, ഫാ.വി.എം.ഏബ്രഹാമിനും, ഫാ.ജോൺ മാത്യൂസിനും, ഗീവർഗീസ് റമ്പാനും, നഥനിയേൽ റമ്പാനും എതിരെ ചില അംഗങ്ങളെക്കണ്ട് പലരും സംസാരിച്ചു. അതുപോലെ വേറെ ചിലർക്കുവേണ്ടിയും മാനേജിംഗ് കമ്മിറ്റി അംഗങ്ങൾതന്നെ വോട്ടുപിടുത്തം നടത്തി. എല്ലാം രഹസ്യമായിതന്നെ എന്ന ധാരണയോടെതന്നെയായിരുന്നു പലരുടേയും പ്രവർത്തനം. ഇതിനിടെ സ്ഥാനന്യായേന മാനേജിംഗ് കമ്മിറ്റിയിൽ പ്രത്യേകക്ഷണിതാക്കളായി വന്നവരിൽ ചിലരും ചിലരെ അനുകൂലിച്ചും ചിലരെ പ്രതികൂലിച്ചും വോട്ടുപിടുത്തം നടത്തി.

മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടെന്നു പറഞ്ഞിരുന്നെങ്കിലും കാര്യമായ മോണിറ്ററിംഗ് ഒന്നും നടന്നതായി അറിവില്ല. ഇപ്പോഴും പ്രചരണവും വോട്ടുപിടുത്തവുമായി സ്ഥാനാർത്ഥികൾ പലരും അവരുടെ ഏജന്റുമാരും സജീവമായി രംഗത്തുണ്ട്. അകലെയുള്ള സ്ഥലങ്ങളിൽനിന്ന് അസോസിയേഷൻ യോഗത്തിന് അംഗങ്ങൾക്ക് വരാൻ വേണ്ട യാത്രാ സൗകര്യങ്ങൾ ഒരുക്കികൊടുക്കാമെന്ന് പലരും വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും അറിയുന്നു.

# തൃക്കുന്നത്ത് സെമിനാരിയിൽ കബറടങ്ങിയിരിക്കുന്നത് മലങ്കരസഭയുടെ പൊതുപിതാക്കന്മാർ : പ.കാതോലിക്കാ ബാവാ

ആലുവ : ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന നാലു പിതാക്കന്മാരും മലങ്കരസഭയുടെ പൊതു സ്വത്തും കാവൽക്കാരുമാണെന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. തൃക്കുന്നത്ത് സെമിനാരി ചാപ്പലിൽ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നടന്ന യുവജനസമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പ.കാതോലിക്കാ ബാവാ. തൃക്കുന്നത്ത് പള്ളി തുറന്ന് രാവിലെ ആരാധന നടത്തിയതിനു ശേഷം ഉച്ചയ്ക്കുശേഷമാണ് സെമിനാരിയോട് ചേർന്നുള്ള ചാപ്പലിൽ യുവജന സമ്മേളനം നടന്നത്. ചടങ്ങുകൾക്ക് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ, മെത്രാപ്പോലീത്തന്മാരായ യൂഹാനോൻ മാർ പോളികാർപ്പോസ്, മാത്യൂസ് മാർ സേവേറിയോസ്, തോമസ് മാർ അത്താനാസിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തുടങ്ങിയവർ നേതൃത്വം നൽകി. ചാപ്പലിലെ വി.കുർബ്ബാനയ്ക്കുശേഷം പ.കാതോലിക്കാ ബാവായും മെത്രാപ്പോലീത്തന്മാരും പള്ളിയിൽ പ്രവേശിക്കുകയും കബറിങ്കൽ ധൂപ പ്രാർത്ഥന നടത്തുകയും ചെയ്തു.

## തൃക്കുന്നത്ത് സെമിനാരി : മദ്ധ്യസ്ഥ ശ്രമം വേണമെന്ന ആവശ്യം ഇല്ലാത്ത അവകാശം സ്ഥാപിക്കാൻ : മാർ പോളികാർപ്പോസ്

ആലുവ : തൃക്കുന്നത്ത് സെമിനാരിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കോടതിക്കു പുറത്ത് മദ്ധ്യസ്ഥ ശ്രമങ്ങളിലൂടെ പരിഹരിക്കണമെന്ന ശ്രേഷ്ഠ ബാവായുടെ ആവശ്യം പള്ളിക്കുമേൽ ഇല്ലാത്ത അവകാശം സ്ഥാപിച്ചെടുക്കാൻ ഉദ്ദേശിച്ചാണെന്ന് അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളികാർപ്പോസ് പറഞ്ഞു. യാക്കോബായ വിഭാഗം പ്രശ്നമുണ്ടാക്കിയതിനാലാണ് പള്ളി ഈ അവസ്ഥയിൽ പൂട്ടിയിടേണ്ടിവന്നത്. പള്ളി ആരാധനയ്ക്ക് തുറക്കുന്നതിൽ ഓർത്തഡോക്സ് സഭയ്ക്ക് യാതൊരു എതിർപ്പുമില്ലെന്നും പള്ളിയിൽ ആരാധന നടത്തുന്നതിന് ആരെയും വിലക്കുന്നില്ലെന്നും മെത്രാപ്പോലീത്താ പറഞ്ഞു. എന്നാൽ അതിന്റെ പേരിൽ അവകാശം സ്ഥാപിച്ചെടുക്കാൻ ശ്രമിക്കരുത്. അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുടെ സ്വകാര്യ ചാപ്പലാണ് തൃക്കുന്നത്ത് സെമിനാരി പള്ളി. ഇത് ഒരു ഇടവക പള്ളിയല്ല. ഇക്കാര്യം കോടതിയും അംഗീകരിച്ചിട്ടുള്ളതാണ്. അവകാശതർക്കത്തിന്റെ പേരിൽ യാതൊരു കാരണവശാലും സഭയെ വെട്ടിമുറിക്കാൻ അനുവദിക്കില്ലെന്നും മെത്രാപ്പോലീത്താ പറഞ്ഞു. യാക്കോബായ വിഭാഗത്തിന്റെ കൈവശമുള്ള പറവൂർ, കോതമംഗലം, പള്ളിക്കര, കരിങ്ങാച്ചിറ തുടങ്ങിയ പള്ളികളിൽ ഓർത്തഡോക്സ് വിഭാഗത്തെ ആരാധനയ്ക്കായി കയറ്റുമോ എന്നും മെത്രാപ്പോലീത്താ ചോദിച്ചു.

# ചരിത്രസംഭവമായി മാറിയ ഹൈക്കോടതിവിധി

മാത്യൂസ് ജോൺ കോട്ടയം

ആലുവ : 32 വർഷമായി പൂട്ടിക്കിടക്കുന്ന ആലുവാ തൃക്കുന്നത്ത് സെമിനാരി പള്ളി തുറക്കാൻ ഹൈക്കോടതി ഉത്തരവായത് ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ ഒരുപോലെ സ്വാഗതം ചെയ്തു. പരസ്പരം ഭിന്നിച്ചു പോരടിച്ചുനിന്നവർക്ക് ഈ ഒരു കാര്യത്തിലെങ്കിലും യോജിപ്പുണ്ടായതിൽ ഇരുവിഭാഗത്തിലുമുള്ള ബഹുഭൂരിപക്ഷം വിശ്വാസികളും സന്തോഷിക്കുന്നു. കോടതി നിർദ്ദേശിച്ച സമയക്രമം അനുസരിച്ചാണ് ഇരുവിഭാഗവും സെമിനാരി പള്ളിയിൽ ആരാധന നടത്തിയത്. തർക്കം നിലനിൽക്കുന്ന എല്ലാ പള്ളികളിലും കോടതി ഇടപെട്ട് ഇതുപോലെയുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കണമെന്നാണ് ഇപ്പോൾ സമാധാന കാംക്ഷികളായി ഇരുപക്ഷത്തുമുള്ള ബഹുഭൂരിപക്ഷത്തിന്റെയും ആവശ്യം. കോടതിവിധി നടപ്പാക്കുവാൻ സർക്കാരും പോലീസ് ഉദ്യോഗസ്ഥരും ആലുവായിലെപ്പോലെ കാര്യക്ഷമത കാണിച്ചാൽ എല്ലായിടത്തും പ്രശ്നങ്ങൾ പരിഹരിക്കാൻ വളരെ എളുപ്പമാണ്. വൻപിച്ച പോലീസ് ബന്ധവസായിരുന്നു ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തൃക്കുന്നത്ത് സെമിനാരിയിൽ ഒരുക്കിയത്.

കോടതി ഉത്തരവുണ്ടായതിനുശേഷം ജില്ലാകളക്ടർ ഇരുവിഭാഗത്തിലുംപെട്ട നേതാക്കന്മാരെ ചർച്ചകൾക്കു വിളിച്ച് പള്ളിയിൽ കയറി ആരാധന നടത്തുന്നതു സംബന്ധിച്ച് ധാരണയുണ്ടാക്കി. പത്തുപേരടങ്ങുന്ന ചെറിയ ഗ്രൂപ്പുകളായിട്ടായിരിക്കണം പള്ളിയിൽ പ്രവേശിക്കേണ്ടതെന്നും പത്തു മിനിറ്റിൽ കൂടുതൽ ഒരു ഗ്രൂപ്പും പള്ളിയിൽ നിൽക്കരുതെന്നും വിശ്വാസികളെപ്പോലെ തന്നെ ഇരുവിഭാഗത്തിലുംപെട്ട വൈദികർക്കും തിരുമേനിമാർക്കും സമയമനുവദിക്കാമെന്നും ധാരണയായി. പള്ളിക്കുള്ളിൽ ആരും വി.കുർബ്ബാന അർപ്പിക്കാൻ തുനിയരുതെന്നും ഇരുവിഭാഗത്തിലുംപെട്ട ബാവാമാർക്ക് കബറിങ്കൽ ധൂപപ്രാർത്ഥന നടത്താമെന്നും കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്ന അംശവസ്ത്രം ആരും ഉപയോഗിക്കാൻ പാടില്ലെന്നും പള്ളിയിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടില്ലെന്നും ഓരോ വിഭാഗത്തിനും അനുവദിച്ച സമയത്ത് മാത്രമേ അതത് വിഭാഗത്തിലെ ബാവാമാർ പള്ളിയിൽ പ്രവേശിക്കാവൂ എന്നുമായിരുന്നു കളക്ടറുടെ സാന്നിധ്യത്തിൽ ഉണ്ടാക്കിയ പ്രധാന ധാരണകൾ. ഈ ധാരണകളുടെ വെളിച്ചത്തിൽ രണ്ടുദിവസവും ഇരുവിഭാഗവും പള്ളിയിൽ പ്രവേശിക്കുകയും സമാധാനപരമായി ആരാധന നടത്തുകയും ചെയ്തു.

**പൂട്ടിക്കിടന്ന തൃക്കുന്നത്ത് സെമിനാരി പള്ളി തുറന്നത് നല്ലകാര്യം എന്നാൽ അതിനുവേണ്ടി ഓർത്തഡോക്സ് സഭ കൊടുക്കേണ്ടിവന്ന വില നിസ്സാരമല്ല. വർഷങ്ങളായി സ്വീകരിച്ചുവന്ന നിലപാടുകൾക്ക് ഘടകവിരുദ്ധമായി ഉണ്ടായ കോടതി വിധി സഭയുടെ പരാജയമായി വിലയിരുത്തുന്നവരുമുണ്ട്.**

ഓർത്തഡോക്സ് സഭയുടേത് മാത്രമാണ് തൃക്കുന്നത്ത് സെമിനാരി പള്ളി. പാത്രിയർക്കീസ് വിഭാഗത്തിന് അവിടെ യാതൊരവകാശവുമില്ല. കർമ്മങ്ങൾ അനുഷ്ഠിക്കാൻ അവരെ പള്ളിയിൽ പ്രവേശിപ്പിക്കാൻ സാധ്യമല്ല എന്നായിരുന്നു ഓർത്തഡോക്സ് സഭയുടെ ഇതുവരെയുള്ള നിലപാട്. അതിനെ അനുകൂലിക്കുന്നതായിരുന്നു ഇതുവരെയുള്ള കോടതിവിധികളും.

മുൻ വർഷങ്ങളിലൊക്കെ സഭയുടെ എതിർപ്പുണ്ടായിട്ടും ഏകപക്ഷീയമായി സർക്കാർ തീരുമാനമെടുത്ത് പാത്രിയർക്കീസ് വിഭാഗത്തെ സെമിനാരി പള്ളിയോട് ചേർന്നുള്ള കബറിങ്കൽ കയറി പ്രാർത്ഥന നടത്തുവാൻ അനുവദിച്ചിരുന്നു. ഇത്തവണയും അതുപോലെതന്നെ ചെയ്യുവാൻ ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ ധാരണയായി. അത് സമ്മതിച്ച് അടങ്ങിയിരിക്കുകയായിരുന്നു ഓർത്തഡോക്സ് സഭ ചെയ്യേണ്ടിയിരുന്നത് എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ അനധികൃത കയ്യേറ്റം ഒന്നും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ അഭിഭാഷക കമ്മീഷനെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓർത്തഡോക്സ് സഭ കോടതിയെ സമീപിച്ചു.

(ശേഷം പേജ് 7-ൽ)

# പൂട്ടിയ പള്ളികളെല്ലാം ഇരുവിഭാഗത്തിനുമായി തുറക്കണം : ശ്രേഷ്ഠ കാതോലിക്കാ ബാവാ

ആലുവാ : സഭാതർക്കത്തെ തുടർന്ന് പൂട്ടിക്കിടക്കുന്ന എല്ലാ പള്ളികളും തുറന്ന് ഇരുകൂട്ടർക്കും ആരാധന നടത്തുവാനുള്ള അന്തരീക്ഷം സൃഷ്ടിക്കണമെന്ന് യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്കാ തോമസ് പ്രഥമൻ ബാവാ ആവശ്യപ്പെട്ടു. ജനപ്രതിനിധികളും നേതാക്കന്മാരും ഇക്കാര്യത്തിൽ സഭയെ സഹായിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സമാധാനപരമായി തൃക്കുന്നത്ത് സെമിനാരിപെരുന്നാൾ നടത്തുന്നതിന് സഹായിച്ച സർക്കാരിനോടും ജില്ലാ ഭരണകൂടത്തോടും പോലീസ് അധികാരികളോടും ശ്രേഷ്ഠ ബാവ നന്ദി അറിയിച്ചു. കളക്ടറുമായുള്ള ചർച്ചയിലും കോടതിയിലും പള്ളി തുറക്കുന്നതിനെ എതിർത്ത ഓർത്തഡോക്സ് വിഭാഗം വിധി എതിരായിട്ടും അതിനെ സ്വാഗതം ചെയ്യുന്നു എന്ന് പറയുന്നത് അവസരവാദപരമായ നിലപാടാണ്. പെരുന്നാൾ ചടങ്ങുകൾ നിരീക്ഷിക്കാൻ കോടതി നിരീക്ഷകനെ നിയമിക്കണമെന്നാവശ്യപ്പെട്ട് ഓർത്തഡോക്സ് വിഭാഗം സമർപ്പിച്ച ഹർജിയിലാണ് പള്ളി തുറക്കണമെന്ന അപ്രതീക്ഷിത വിധിയുണ്ടായത്. ഇരുവിഭാഗങ്ങളും തമ്മിൽ നടന്ന ചർച്ചയിൽ പള്ളി തുറന്ന് ആരാധന അനുവദിക്കണമെന്ന തങ്ങളുടെ ആവശ്യത്തെ ഓർത്തഡോക്സ് കക്ഷി ശക്തമായി എതിർക്കുകയായിരുന്നു. പള്ളി തുറക്കണമെന്നുള്ള കോടതിവിധി അവർക്ക് കനത്ത ആഘാതമാണ് ഉണ്ടാക്കിയിരിക്കുന്നതെന്ന് ശ്രേഷ്ഠ ബാവാ പറഞ്ഞു. 1965-നു ശേഷം ഒമ്പത് വർഷത്തെ അവകാശം മാത്രമേ ഓർത്തഡോക്സ് പക്ഷത്തിന് സെമിനാരിയുടെമേലുള്ളെന്നും ശ്രേഷ്ഠ ബാവാ പറഞ്ഞു. ഒരു മണിക്കൂർകൊണ്ട് പരിഹരിക്കാവുന്ന പ്രശ്നമാണ് ഓർത്തഡോക്സ് പക്ഷത്തിന്റെ പിടിവാശിമൂലം വർഷങ്ങളായി നീണ്ടുപോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

# തൃക്കുന്നത്ത് പള്ളി ദിവസവും തുറന്നിടണമെന്നും എല്ലാ ആഴ്ചയും ആരാധനയ്ക്ക് അവസരമുണ്ടാക്കണമെന്നും ശ്രേഷ്ഠ ബാവാ

ആലുവ : തൃക്കുന്നത്ത് സെമിനാരി പള്ളി ദിവസം രണ്ടുമണിക്കൂർ വീതം ആരാധനയ്ക്കും കുർബ്ബാന അർപ്പിക്കുവാനും ഇരുകൂട്ടർക്കും തുറന്നു നൽകണമെന്ന് ശ്രേഷ്ഠ ബാവാ ആവശ്യപ്പെട്ടു. എല്ലാ ആഴ്ചയും സെമിനാരി പള്ളിയിൽ വി.കുർബ്ബാന അർപ്പിക്കുവാനുള്ള അവസരം ഉണ്ടാകണം. ഇരുവിഭാഗങ്ങൾക്കും സമയം ക്രമീകരിച്ചോ ഒന്നിടവിട്ട ആഴ്ചകൾ ആരാധന അനുവദിച്ചോ പള്ളിയിൽ വി.കുർബ്ബാന അർപ്പിക്കാം. തർക്കങ്ങൾ സംബന്ധിച്ച് അന്തിമവിധി വരുന്നതുവരെ ഈ നില തുടരാം എന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പൂട്ടിക്കിടക്കുന്ന പള്ളികൾ തുറക്കണമെന്ന് ഓർത്തഡോക്സ് വിഭാഗം നിയുക്ത കാതോലിക്കാ പറഞ്ഞിട്ടുണ്ടെങ്കിൽ അത് സ്വാഗതാർഹമാണെന്നും ശ്രേഷ്ഠ ബാവാ പറഞ്ഞു.

## ഹൈക്കോടതിവിധി ഓർത്തഡോക്സ് സഭ സ്വാഗതം ചെയ്തു

കോട്ടയം : പൂട്ടിക്കിടക്കുന്ന ആലുവാ തൃക്കുന്നത്ത് സെമിനാരി പള്ളി തുറക്കുന്നതിന് ഹൈക്കോടതി അനുമതി നൽകിയതിനെ ഓർത്തഡോക്സ് സഭ സ്വാഗതം ചെയ്യുന്നതായി ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. ഹൈക്കോടതി നിയോഗിച്ച അഡ്വ.കമ്മീഷന്റെ നിരീക്ഷണത്തിൽ പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടക്കുന്ന പെരുന്നാളിൽ വിശ്വാസികളെല്ലാം പങ്കെടുക്കണമെന്നും നിയുക്ത കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു. തൃക്കുന്നത്ത് സെമിനാരിയോട് അനുബന്ധിച്ചുള്ളതും അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുടെ അരമന ചാപ്പലുമാണ് തൃക്കുന്നത്ത് സെമിനാരി പള്ളിയെന്നും ശ്രേഷ്ഠ നിയുക്ത ബാവാ പറഞ്ഞു.

## കോടതിയിൽ നടന്നതും സത്യവും തിരിച്ചറിയുക

ഷെവ.ബിബി ഏബ്രഹാം

(ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളി സംബന്ധിച്ച് ഉണ്ടായ ഹൈക്കോടതി വിധിയെക്കുറിച്ച് പാത്രിയർക്കീസ് വിഭാഗത്തിന്റെ ഒരു പ്രസിദ്ധീകരണത്തിൽ വന്ന വാർത്ത)

ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളി സംബന്ധിച്ച് ബഹു.ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ ഫലമായി പെരുന്നാൾ നടത്തിപ്പിനായി രൂപപ്പെട്ടുവന്ന വ്യവസ്ഥകൾ പൂർണ്ണ അർത്ഥത്തിൽ നടപ്പാക്കുന്നുണ്ടോ എന്ന് നോക്കുവാൻ അഭിഭാഷക കമ്മീഷനെ മുൻ വർഷത്തെപ്പോലെ നിയമിക്കണമെന്ന് മെത്രാൻ കക്ഷി (ഓർത്തഡോക്സ്) വിഭാഗം കോടതിയിലാവശ്യപ്പെട്ടു. യാക്കോബായ സഭ രാഷ്ട്രീയപാർട്ടികളെയും ഭരണകൂടങ്ങളെയും പോലീസ് മേധാവികളെയും സ്വാധീനിച്ച് തീരുമാനങ്ങൾ അട്ടിമറിക്കാൻ സാധ്യതയുണ്ടെന്നായിരുന്നു മെത്രാൻ കക്ഷിക്കാരുടെ പ്രധാന ആരോപണം. കേസ് എടുത്ത കോടതി മെത്രാൻ കക്ഷി വിഭാഗത്തിന്റെ പ്രാഥമിക വാദം കേട്ടപ്പോൾ കമ്മീഷനെ നിയമിക്കേണ്ടതിന്റെ ആവശ്യകത എന്താണെന്നും നിയമ വ്യവസ്ഥകൾ പോലീസും ജില്ലാ ഭരണകൂടവും നോക്കിക്കൊള്ളും എന്ന നിലപാടെടുത്തു. യാക്കോബായ സഭയ്ക്കുവേണ്ടി ഹാജരായ അഡ്വ.രാം കുമാറും പി.ജെ.ഫിലിപ്പും ജെബി പോളും പള്ളി തുറന്ന് വിശ്വാസികൾക്ക് ആരാധനയ്ക്ക് അവസരമുണ്ടാക്കണമെന്ന് ആവശ്യമുന്നയിച്ചു. ബഹു. കോടതി പള്ളി തുറക്കുന്നതിന് ഉള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ എന്താണെന്ന് മെത്രാൻകക്ഷി അഭിഭാഷകനോട് ആരാഞ്ഞു. പള്ളി ഒരു കാരണവശാലും തുറക്കാൻ പാടില്ല എന്നും പള്ളി തുറന്നാൽ വലിയ സംഘർഷത്തിന് സാധ്യതയുണ്ടെന്നും പിന്നീട് അത് പല നിയമപ്രശ്നങ്ങൾക്കും കാരണമാകുമെന്നും മെത്രാൻകക്ഷി അഭിഭാഷകരായ അഡ്വ.കൃഷ്ണനുണ്ണിയും, അഡ്വ.പോൾ കുറിയാക്കോസും ശക്തിയുക്തം വാദിച്ചു. യാക്കോബായ സഭയുടെ അഭിഭാഷകർ പള്ളി തുറന്ന് കുർബ്ബാനയ്ക്ക് അവസരമുണ്ടാകണമെന്ന് തുടർന്നും ആവശ്യപ്പെട്ടു. പള്ളിക്കു പുറത്ത് ആരാധന നടത്താൻ സൗകര്യങ്ങളുണ്ടോ എന്ന് ബഹു.കോടതി ആരാഞ്ഞു. അപ്പോൾ മെത്രാൻ കക്ഷി അഭിഭാഷകർ ഇത് ഞങ്ങൾ കൊടുത്ത കേസാണെന്നും ഈ കേസിൽ മറുവിഭാഗത്തിന്റെ ആവശ്യം അംഗീകരിക്കാൻ പാടില്ലായെന്നും പള്ളിതുറക്കാൻ പാടില്ല എന്നുമുള്ള തങ്ങളുടെ നിലപാട് ആവർത്തിച്ചു. ബഹു.കോടതി പള്ളികൾ പൂട്ടിക്കിടക്കാനുള്ളതല്ലെന്നും വിശ്വാസികൾക്ക് ആരാധിക്കുവാൻ അവസരം നിഷേധിക്കുവാൻ പാടില്ലാ എന്നുമുള്ള നിലപാടെടുത്തു. തുടർന്ന് കേസിൽ കക്ഷികളായ യാക്കോബായ വിഭാഗത്തിൽനിന്ന് തമ്പു ജോർജ് തുകലനെയും മെത്രാൻകക്ഷി വിഭാഗത്തിൽനിന്ന് ഫാ.യാക്കോബിനെയും ബഹു.ജഡ്ജി തന്റെ മുമ്പാകെ വിളിച്ചുവരുത്തി. പ്രശ്നങ്ങൾ ചർച്ച ചെയ്തു. യാക്കോബായ വിഭാഗം പള്ളി തുറന്ന് ആരാധനയ്ക്കായി തരണം എന്ന് കോടതി മുമ്പാകെ അപേക്ഷിച്ചു. പക്ഷെ മെത്രാൻകക്ഷി പള്ളി തുറക്കാൻ പാടില്ല എന്ന നിലപാട് സ്വീകരിച്ചു. ഇതേ തുടർന്ന് പള്ളി തുറക്കാൻ ബഹു.കോടതി തീരുമാനിക്കുകയാണുണ്ടായത്.

# കുമ്പസാരകൂദാശയുടെ വേദപുസ്തകാടിസ്ഥാനം....കഴിഞ്ഞലക്കം തുടർച്ച

ഫാ.യൂഹാനോൻ തിരുവനന്തപുരം

വിശുദ്ധിയിലേക്ക് വളരുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കുമ്പസാരത്തിലൂടെ ലഭിക്കുന്നു. പാപങ്ങളിൽനിന്നുള്ള തിരുത്തലുകൾ ഒരു വ്യക്തിക്കു നൽകേണ്ടത് പുരോഹിതന്റെ കടമയാണെന്ന് ബൈബിൾ വ്യക്തമാക്കുന്നു. വചനം പ്രസംഗിക്കുക, സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്കുക, സകല ദീർഘക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്കുക. തർജ്ജനം ചെയ്യുക. പ്രബോധിപ്പിക്കുക (2തിമോ.4:2). സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിക്കുവാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നിൽക്കുവാൻ ശ്രമിക്കുക (2തിമോ.2:15).

കുമ്പസാരത്തിലൂടെ കുമ്പസാരിക്കുന്ന വ്യക്തിയുടെ ആത്മീക വളർച്ചയ്ക്കാവശ്യമായ ഉപദേശം നൽകുന്നു. ഇത് പാപങ്ങളെ ഉപേക്ഷിക്കുവാനുള്ള തീരുമാനത്തിലെത്തിക്കുന്നു. സഭയിൽ ഭിന്നത വരുത്തുന്ന മനുഷ്യനോട് ഒന്നുരണ്ടുവട്ടം ബുദ്ധിപറഞ്ഞ ശേഷം അവനെ ഒഴിവാക്കുക (തീത്തോ.3:10).

അപ്പോസ്തോലിക സഭയിൽ പാപമോചനത്തിന് പ്രധാനമായും രണ്ട് മാർഗ്ഗങ്ങളാണുണ്ടായിരുന്നത്.

1. സഹോദര നിർവ്വിശേഷമായ തിരുത്തലും സമൂഹത്തോടുള്ള അനുതാപിയുടെ ഏറ്റുപറച്ചിലും. സഹോദരന്മാരേ ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയെങ്കിൽ ആത്മീകരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തിവിൻ. നീയും പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുക. തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമക്കുവിൻ. ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിക്കുവിൻ (ഗലാ.6:1,2). സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം. ദൈവം അവനു ജീവനെ കൊടുക്കും. മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്. അതിനെക്കുറിച്ച് അപേക്ഷിക്കാം എന്ന് ഞാൻ പറയുന്നില്ല (1യോഹ.5:16). പരസ്പരം പാപങ്ങൾ ഏറ്റുപറയുന്നതുവഴി രോഗസൗഖ്യം ലഭിക്കുന്നു എന്ന് യാക്കോബ് ശ്ലീഹായും സാക്ഷിക്കുന്നു (യാക്കോ.5:16).

2. പാപം ചെയ്തവരെ സമൂഹത്തിൽനിന്ന് വേർതിരിച്ച് മാനസാന്തരത്തിനായി ഒരുക്കുന്നു. സമാധാനത്തിന്റെ കർത്താവായവൻ താൻ നിങ്ങൾക്ക് എല്ലായ്പ്പോഴും സകല വിധത്തിലും സമാധാനം നൽകുമാറാകട്ടെ. കർത്താവ് നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ (2തെസ്സ.3:16). ഹുമനയൊസും അലക്സന്തരും ഈ കൂട്ടത്തിൽ ഉള്ളവരാകുന്നു. അവർ ദൂഷണം പറയാതിരിക്കുവാൻ പഠിക്കേണ്ടതിനു ഞാൻ അവരെ സാത്താനെ ഏൽപ്പിച്ചിരിക്കുന്നു (1തിമോ.1:20). ഇപ്രകാരം പുറത്താക്കപ്പെട്ട വ്യക്തി അനുതപിച്ചു കഴിയുമ്പോൾ വീണ്ടും സമൂഹത്തോടും ദൈവത്തോടും കൂട്ടിച്ചേർക്കുന്നു.

കുമ്പസാരത്തിലൂടെയുള്ള ശാസനയും ഉപദേശവും പാപിയെ പാപത്തിൽനിന്ന് പിന്തിരിപ്പിക്കുന്നു. പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കു ഭയത്തിനായി എല്ലാവരും കേൾക്കെ ശാസിക്കുക. നീ പക്ഷമായി ഒന്നും ചെയ്യാതെ കണ്ട് സിദ്ധാന്തം കൂടാതെ ഇവ പ്രമാണിച്ചു കൊള്ളേണം എന്നു ഞാൻ ദൈവത്തെയും ക്രസ്തുയേശുവിനെയും ശ്രേഷ്ഠ ദൂതന്മാരെയും സാക്ഷിയാക്കി നിന്നോട് കല്പിക്കുന്നു. യാതൊരുത്തന്റെ മേലും വേഗത്തിൽ കൈവെയ്ക്കരുത്. അന്യന്മാരുടെ പാപങ്ങളിൽ ഓഹരിക്കാരനാകുകയുമരുത്. നിന്നെത്തന്നെ നിർമ്മലനാക്കി കാത്തുകൊള്ളുക. മേലാൽ വെള്ളം മാത്രം കുടിക്കാതെ നിന്റെ അജീർണ്ണതയും കൂടെക്കൂടെയുള്ള ക്ഷീണതയും നിമിത്തം അല്പം വീഞ്ഞും സേവിച്ചുകൊള്ളുക. ചില മനുഷ്യരുടെ പാപങ്ങൾ വിസ്താരത്തിനു മുമ്പേതന്നെ വെളിവായിരിക്കുന്നു (1തിമോ.5:20-24). കുമ്പസാര കൂദാശ ഒരു ചടങ്ങല്ല. അതിന്റെ അടിസ്ഥാനം വി.വേദപുസ്തകത്തിലാണ് എന്ന് നാം മനസ്സിലാക്കി അതിന്റെ പ്രാധാന്യതയും ആവശ്യകതയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കുമ്പസാരിക്കുന്ന ഒരു വ്യക്തിയുടെ പാപങ്ങൾ പൂർണ്ണമായും ദൈവം ക്ഷമിക്കുന്നു. ചെയ്ത തെറ്റുകൾ മറച്ചുവെയ്ക്കാതെ പരിപൂർണ്ണമായി ഏറ്റുപറഞ്ഞാൽ സ്വർഗ്ഗം സന്തോഷിക്കുന്നു. കുമ്പസാരിക്കുന്ന വ്യക്തികൾക്ക് സന്തോഷത്തോടെ ശിഷ്ടായുസ്സ് കഴിച്ചുകൂട്ടുവാൻ ഇടയാകുന്നു.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

**ഒ.സി.അച്ചോയി കണ്ണൂർ**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**എമി ജോയി മാത്യു**

# മനഃശാസ്ത്ര പംക്തി
# മാതാപിതാക്കൾ അറിയാൻ

ഫാ.തോമസ് ചകിരിയിൽ പിറവം, ഫോൺ : 0485-2265237, 9447183445

## എന്തുകൊണ്ട് യുവതലമുറയുടെ ആത്മവിശ്വാസം ചോർന്നു പോകുന്നു.....കഴിഞ്ഞലക്കം തുടർച്ച

### മലയാളത്തിൽ പഠിക്കുന്നുച ഇംഗ്ലീഷാണ് ഒരു പ്രധാന പ്രശ്നം

തെറ്റുകൂടാതെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ മലയാളി യുവജനങ്ങളിൽ ഭൂരിപക്ഷത്തിനും കഴിയുന്നില്ല. ഉയർന്ന മാർക്കോടെ ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയവർക്കും സംസാരിക്കുമ്പോൾ തപ്പലാണ്. നമ്മുടെ നാട്ടിൽ ഇംഗ്ലീഷ് മലയാളത്തിൽ പഠിക്കുന്നതുകൊണ്ടാണ് ഇത്തരത്തിൽ സംഭവിക്കുന്നതെന്ന് വിദ്യാഭ്യാസ വിദഗദ്ധർ പറയുന്നു. ഭാഷയെന്ന നിലയിൽ ഇംഗ്ലീഷ് പഠിക്കുന്നവർക്കും സംസാര ഭാഷയായി ഇംഗ്ലീഷ് വഴങ്ങാത്തത് ഇക്കാരണംകൊണ്ടാണ്. മാതൃഭാഷ നിർബന്ധമായും പഠിക്കണം. പക്ഷെ അത് ഇംഗ്ലീഷിനെ നിഷേധിച്ചുകൊണ്ടാകരുത്. അഭിലഷണീയമായ സാഹചര്യങ്ങളിൽ ഇഗ്ലീഷ് സംസാരഭാഷയായി ഉപയോഗിക്കുന്നതിലൂടെ മാത്രമേ സംസാര ഭാഷ എന്ന നിലയിൽ അത് വഴക്കിയെടുക്കാൻ സാധിക്കൂ. സംസാരിക്കുമ്പോൾ വ്യാകരണം ശരിയാണോ എന്ന സംശയമാണ് പലപ്പോഴും മലയാളിയെ ഇംഗ്ലീഷ് പറയുന്നതിൽനിന്ന് വിലക്കുന്നത്. സംസാരഭാഷ ആശയവിനിമയത്തിനുള്ളതാണ്. അവിടെ ആവശ്യമില്ലാതെ വ്യാകരണത്തെപ്പറ്റി വ്യാകുലപ്പെടേണ്ട കാര്യമില്ല.

ഇംഗ്ലീഷ് പറയുമ്പോഴുള്ള വിക്ക് പോകാൻ വേണ്ട ആദ്യപടി ഇംഗ്ലീഷ് ഇംഗ്ലീഷിൽ പഠിക്കുക എന്നതാണ്. ഇംഗ്ലീഷ് പത്രങ്ങൾ ആനുകാലികങ്ങൾ നല്ല പുസ്തകങ്ങൾ എന്നിവ വായനാശീലത്തിന്റെ ഭാഗമാക്കിയാൽ ഈ ഘട്ടം വിജയകരമായി പിന്നിടാം. പക്ഷെ ഒഴുക്കോടെ സംസാരിക്കാൻ ഇംഗ്ലീഷിൽ സംസാരിക്കുകയല്ലാതെ മറ്റു കുറുക്കുവഴികളില്ല.

### എനിക്ക് ഇതിന് കഴിയുമോ?

കാര്യങ്ങൾ അറിയുമെങ്കിലും അവ പറഞ്ഞു ഫലിപ്പിക്കാൻ കഴിയാതെ വരുന്നതാണ് നമ്മുടെ ചെറുപ്പക്കാരിൽ കണ്ടുവരുന്ന മറ്റൊരു പ്രശ്നം. ആത്മവിശ്വാസക്കുറവാണ് ഇതിന്റെ പ്രധാന കാരണം. ചെറുപ്പക്കാരിൽ ആത്മവിശ്വാസക്കുറവിന് പല കാരണങ്ങളും ഉണ്ട്. മാതാപിതാക്കൾ, അദ്ധ്യാപകർ, സുഹൃത്തുക്കൾ, സമൂഹം ഇവരുടെയെല്ലാം ഇടപെടൽ ഈ പ്രശ്നത്തിന് കാരണമാകാം.

### നമുക്ക് സംഭവിക്കുന്നത്

തൊഴിൽ മേഖലയിൽ നമ്മുടെ ചെറുപ്പക്കാർ പല പ്രശ്നങ്ങൾ നേരിടുന്നുണ്ട്. സത്യസന്ധമായി അത് വിലയിരുത്തുന്നതാണ് പരിഹാരത്തിനുള്ള ആദ്യപടി.

1. ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനുള്ള കഴിവില്ലായ്മ, പറയുന്നത് ശരിയാകുനോ എന്നുള്ള പേടി.

2. തെറ്റുകളുടെ പേരിൽ പരിഹസിക്കുന്ന സമൂഹം.

3. മനസ്സിലുള്ളത് പറഞ്ഞ് ഫലിപ്പിക്കാൻ കഴിയുന്നില്ല.

4. റിസ്ക്ക് എടുത്ത് കാര്യങ്ങൾ ചെയ്യാനുള്ള പേടി.

5. പഠിച്ച വിഷയത്തിൽ ആഴത്തിലുള്ള അറിവില്ലാതെ പരീക്ഷ ജയിക്കാവുന്ന അവസ്ഥ.

6. മലയാളത്തിൽ പഠിക്കുന്ന ഇംഗ്ലീഷ്

7. അദ്ധ്യാപനം തൊഴിൽ ആയി മാത്രം കാണുന്ന അദ്ധ്യാപകർ, മാർക്ക് നേടാൻ മാത്രം പഠനം നടത്തുന്ന വിദ്യാർത്ഥികൾ.

8. പഠനകാര്യത്തിൽ മക്കളുടെ കഴിവുകളേക്കാൾ മാതാപിതാക്കളുടെ ആഗ്രഹത്തിന് പ്രാധാന്യം നൽകുന്ന രീതി. 9. കുട്ടികളെ വളർത്തുന്നതിലെ പാളിച്ചകൾ

10. ആത്മവിശ്വാസ തകർച്ച. 11. സ്വയം മതിപ്പ് (മാതാപിതാക്കളുടെ പങ്ക് അടുത്ത ലക്കത്തിൽ)

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി**

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

**ശോശാമ്മ തോമസ്**

# കവിഞ്ഞൊഴുകുന്ന കൽഭരണികൾ

## ധ്യാനപീഠം

ഫാ.സി.ഡി.തോമസ് വടകോട്

### കൊത്നേ ഞായർ, ഫെബ്രുവരി14, വി.യോഹ.2:1–11

ക്രൈസ്തവ സഭയുടെ ഏറ്റവും വലിയ പെരുന്നാളായ ഉയർപ്പുപെരുന്നാളിലേക്കുള്ള തീർത്ഥാടനത്തിന്റെ ആരംഭമാണിന്ന്. കാനാവിലെ കല്യാണവിരുന്നിന് കർത്താവ് പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റുന്ന സംഭവമാണ് ചിന്താവിഷയം. ഓശാനഞായർ ഒഴികെയുള്ള ഞായറാഴ്ചകളിലെല്ലാം കർത്താവിന്റെ അത്ഭുതപ്രവർത്തനങ്ങളാണ് വേദഭാഗത്ത്. വി.യോഹന്നാൻ ഇവയെ അടയാളങ്ങളായിട്ടാണ് ചിത്രീകരിക്കുന്നത്. 33 അത്ഭുതങ്ങൾ കർത്താവ് ചെയ്യുന്നത് സുവിശേഷങ്ങളിൽ കാണാം.

### കുടുംബത്തിൽ ദൈവസാന്നിദ്ധ്യം

ആദ്യത്തെ അത്ഭുതം ഒരു കല്യാണ വിരുന്നുഭവനത്തിലാണ്. അതായത് കുടുംബ പശ്ചാത്തലത്തിൽ. അവസാനം കുരിശിലും ഈ കുടുംബസൃഷ്ടി കാണാം. മാതാവിനേയും യോഹന്നാനെയും അമ്മയായും മകനായും പരസ്പരം ഭരമേൽപ്പിക്കുന്നു. പരസ്യശുശ്രൂഷയുടെ ആരംഭവും അവസാനവും കുടുംബത്തിന് പ്രാധാന്യം കൊടുക്കുന്നതാണ്.

സ്വന്ത കുടുംബത്തിലാണ് നമ്മുടെ സുവിശേഷം ആരംഭിക്കേണ്ടത്. അവിടെനിന്നു വേണം സമൂഹത്തിലേക്ക് പോകാൻ. യേശുവിന്റെ സാന്നിദ്ധ്യം നമ്മുടെ ഭവനത്തിലുണ്ടാകണം. സന്തോഷവേളകളിൽ ക്ഷണിക്കപ്പെടേണ്ട അതിഥി. നമ്മുടെ ജീവിതത്തിൽ കഷ്ടതകളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ നാം കൂടുതലായി ദൈവത്തെ അന്വേഷിക്കും. അത് സ്വാഭാവികമാണ്. എന്നാൽ നമ്മുടെ സന്തോഷത്തിന്റെയും സമൃദ്ധിയുടെയും ആനന്ദത്തിന്റെയും അനുഭവത്തിലും നാം ദൈവസാന്നിദ്ധ്യം ശ്രവിക്കാറുണ്ടോ. പാട്ടുകാരൻ ഇപ്രകാരം പാടുന്നു

ആപത്തു നാളുകളിൽ ആനന്ദവേളകളിൽ

അകലാത്ത എൻ യേശുവേ

അങ്ങയുടെ പാദം കുമ്പിടുന്നു ഞാൻ

### രൂപാന്തരം നമുക്കും ഉണ്ടാകണം

പച്ചവെള്ളത്തിനുണ്ടായ പരിവർത്തനം നമുക്കും ഉണ്ടാകണം. നിറവും ഗുണവും മണവുമൊന്നുമില്ലാതിരുന്ന വെള്ളം ഇവയെല്ലാം ഉള്ള മേൽത്തരം വീഞ്ഞായി രൂപാന്തരപ്പെടുന്നു. വെള്ളം വീഞ്ഞാകുമ്പോൾ ഭാരം കുറയുന്നു. സാന്ദ്രത ഒന്നിൽനിന്ന് 0.8 ലേക്ക് കുറയുന്നു. കുടുംബത്തിൽ എല്ലാ കാര്യങ്ങളും പങ്കുവെയ്ക്കപ്പെടുമ്പോൾ ജീവിതഭാരം കുറയുന്നു. ഷെയറിംഗ്, കെയറിംഗ്, ഓഫറിംഗ് ഇവ കുടുംബത്തിലുണ്ടാകുമ്പോൾ ഭാരം ലഘൂകരിക്കപ്പെടും.

വെള്ളത്തിന് ലഹരിയില്ല. വീഞ്ഞിന് ലഹരിയുണ്ട്. വിവാഹത്തെ യേശുതമ്പുരാൻ ഒരു കൂദാശയാക്കി. ദൈവത്തിന്റെ കൃപാവരം മനുഷ്യന് ലഭിക്കുന്ന ഉപാധിയാണ് ഓരോ കൂദാശയും. ആദ്യം നല്ല വീഞ്ഞും പിന്നെ മോശമായതും വിളമ്പുകയല്ല വിരുന്നുകാരൻ ചെയ്തത്. എല്ലാവരും ആദ്യമേ മേൽത്തരം വീഞ്ഞും പിന്നീട് ലഹരിപിടിച്ച ശേഷം ഇളപ്പമായതും കൊടുക്കാറുണ്ട്. നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവെച്ചുവോ എന്ന് അവനോട് പറഞ്ഞു (യോഹ.2:10). വിവാഹജീവിതത്തിൽ അവസാനം വരെയും നല്ല വീഞ്ഞ് പരസ്പരം നൽകാൻ സാധിക്കണം.

ജീവിതത്തിൽ വീഞ്ഞു തീർന്നുപോകുന്ന നിരവധി അനുഭവങ്ങളുണ്ടാകാം. പ്രതീക്ഷകൾ സഫലമാതാരിക്കുക, നിരാശയുണ്ടാകുക, സാമ്പത്തിക തകർച്ചയുണ്ടാവുക, ഉദ്യേഗം ലഭിക്കാതിരിക്കുക, ഉദ്യോഗം നഷ്ടപ്പെടുക, കൃഷിനശിക്കുക എന്നിങ്ങനെ പല അനുഭവങ്ങളിലൂടെ ജീവിതത്തിന്റെ വീഞ്ഞ് നഷ്ടപ്പെടാം. പക്ഷെ ദൈവത്തിൽ ആശ്രയം വെച്ചാൽ മനുഷ്യന്റെ പരിശ്രമങ്ങൾക്കും പരിമിതികൾക്കും അപ്പുറമായി ദൈവത്തിന്റെ വീഞ്ഞ് നമ്മുടെ ഭവനങ്ങളിലും വിരുന്നുപുരകളിലും കടന്നുവരും. അന്നുവരെ ദർശിക്കാത്ത ലഹരി നമ്മുടെ ജീവിതത്തിന് വന്നുചേരും. ദൈവമുമ്പാകെ വിനീതരാകമ്പോഴെ ദൈവകൃപ നമ്മിലേക്കൊഴുകിയെത്തൂ. കുടത്തിന്റെ വായ ജലനിരപ്പിൽനിന്ന് താഴ്ന്നാലേ ജലം കുടത്തിലേക്കൊഴുകുകയുള്ളു.

ജീവിതവിരുന്നിൽ മനുഷ്യനൊരുക്കുന്ന വീഞ്ഞ് തികയാതെവരുമ്പോൾ നിരാശപ്പെടരുത്. കാരണം ദൈവത്തിന്റെ അത്ഭുതശേഖരത്തിൽനിന്നും മേൽത്തരം വീഞ്ഞ് വിളമ്പാൻ പോകുന്നതേയുള്ളു. സൂര്യാസ്തമയം കാണുമ്പോൾ നഷ്ടബോധമല്ല, പുതിയ പ്രഭാതത്തിലെ പുതിയ സൂര്യോദയത്തെക്കുറിച്ചുള്ള പ്രത്യാശകൂടി ഉണ്ടാകണം. അപ്പോൾ ബോധ്യമാകും സൂര്യൻ അസ്തമിക്കുകയല്ല മറിച്ച് പ്രഭാതത്തിലേക്ക് സഞ്ചരിക്കുകയാണെന്ന്.

ഗൃഹനാഥൻ ദൈവത്തിൽ ആശ്രയം വെയ്ക്കുന്നവനും പരിചാരകർ അവൻ പറയുന്നത് ചെയ്യുന്നവരും ആയാൽ ആകുലതയും അസ്വസ്ഥതയുമകലും. ദൈവാശ്രയബോധം ശുഭാപ്തിവിശ്വാസംകൊണ്ട് നമ്മെ നിറയ്ക്കും.

വെള്ളം മുറിവുകളെ പഴുപ്പിക്കുന്നതാണ്. വീഞ്ഞ് ഔഷധഗുണമുള്ളതാണ്. മുറിവുകളെ ഉണക്കുന്നതാണ്. നല്ല ശമര്യക്കാരന്റെ ഉപമയിൽ മുറിവേറ്റുകിടക്കുന്ന മനുഷ്യന്റെ മുറിവിൽ എണ്ണയും വീഞ്ഞും പകർന്ന് മുറിവു കെട്ടുന്നത് നാം വായിക്കുന്നുവല്ലോ. നാം പരസ്പരം മുറിവുണക്കുന്നവരാകണം. മനുഷ്യശരീരത്തിൽ 208 അസ്ഥികളുണ്ട്. എന്നാൽ എല്ലില്ലാത്ത അവയവമായ നാക്കാണ് പലപ്പോഴും മുറിവുണ്ടാക്കുന്നത്.

നാരാചശല്യം ദേഹത്തിൽനിന്നെടുത്തിടാം

ക്രൂരവാക്ശല്യമെടുക്കും ചികിൽസകനില്ല എന്നാണ് കവി പാടിയിരിക്കുന്നത്.

മുറ്റത്തെ കൽഭരണിയിൽ യഹൂദർ വെള്ളം വെയ്ക്കുന്നത് സാധാരണ കുടിക്കുന്നതിനുള്ള ആവശ്യത്തിനല്ല. കാൽ കഴുകുന്നതിനാണ്. കുടിക്കാനോ കുളിക്കാനോ ഒന്നുമല്ലാത്ത വെള്ളം തീർത്തും ശുദ്ധലമാകണമെന്നില്ല. എത്ര കുറവുള്ളവരും വിവാഹകൂദാശയിലൂടെ അനുഗ്രഹിക്കപ്പെടുന്നു. ദൂഷ്യങ്ങൾ മാറി നല്ലതാവുന്നു. ഉത്തരവാദിത്വബോധം കൂടുതൽ കൈവരുന്നു. മരുഭൂമിപോലും മലർവാടിയാകുന്ന അനുഭവമുണ്ടാകുന്നു.

യഹൂദരുപയോഗിച്ചിരുന്ന ഒരു കൽഭരണിയിൽ 60 ലിറ്റർ വെള്ളം കൊള്ളുവായിരുന്നുവെന്നാണ് കണക്ക്. അങ്ങനെയെങ്കിൽ 6 കൽഭരണികളിലായി 360 ലിറ്റർ വീഞ്ഞാണ് ലഭിച്ചത്. 500 പേർ പങ്കെടുക്കുന്ന ഒരു സാധാരണ വിവാഹത്തിൽ 300 പേർ സ്ത്രീകളും കുട്ടികളുമായിരിക്കും. പിന്നെയുള്ള 200 പുരുഷന്മാരിൽ 150 പേരെ വീഞ്ഞുകുടിക്കുന്നവർ കാണു. ആദ്യം വിളമ്പിയ വീഞ്ഞു കുടിച്ചതിനുശേഷമിരിക്കുന്ന ഇവർക്ക് പരമാവധി പിന്നെ 30 ലിറ്റർ മതി. അപ്പോൾ 330 ലിറ്ററും ബാക്കിയാണ്.

ദൈവം അനുഗ്രഹങ്ങൾ കൊടുക്കുമ്പോൾ കൈ ചുരുട്ടിപ്പിടിച്ചല്ല കൊടുക്കുന്നത്, അതിരില്ലാത്ത നന്മയും അനുഗ്രഹവും നൽകും. അനന്തമായ സ്നേഹം നൽകും. ഇയ്യോബിന്റെ രോഗത്തിനുശേഷം അത് കാണുന്നു, പടകിന്റെ വലതുഭാഗത്തു വീശിയ ശിഷ്യർ ഒരു ദിവസത്തെ ഉപജീവനത്തിനുള്ള മാർഗ്ഗമേ അന്വേഷിച്ചുള്ളു. പക്ഷെ കിട്ടിയതോ ചാകര. 5 അപ്പംകൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച ശേഷവും കിട്ടിയതോ 12 കുട്ട പിന്നെയും.

ബലഹീനതയിൽ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് പൂർണ്ണമായ ഒരു രൂപാന്തരം വലിയ നോമ്പിലൂടെ നമുക്കും ഉണ്ടാകട്ടെ.

### സ്പർശനത്തിലൂടെ സൗഖ്യം

### ഗർബോ ഞായർ, ഫെബ്രുവരി 21, വി.ലൂക്കോ.5:12–16

കഴിഞ്ഞ ഞായറാഴ്ച നിറവും ആകൃതിയും ഒന്നുമില്ലാത്ത പച്ചവെള്ളത്തെ ഗുണമുള്ള വീഞ്ഞാക്കി മാറ്റുന്ന സംഭവം നാം ധ്യാനിച്ചു. എന്നാൽ നിറവും ആകൃതിയുമൊക്കെയുണ്ടെങ്കിലും മനുഷ്യൻ എന്ന ഗുണം അനുഭവിക്കാൻ അർഹതയില്ലാതെ പുറംതള്ളപ്പെട്ട കുഷ്ഠരോഗിയെ കർത്താവ് തന്റെ സ്നേഹസ്പർശനത്തിലൂടെ സൗഖ്യമാക്കുന്ന സംഭവമാണ് ഇന്നത്തെ ചിന്താവിഷയം.

### ദൈവീകസ്പർശനത്തിന്റെ മാസ്മരികത

ശൈശവത്തിൽ വേണ്ടപ്പെട്ടവരുടെ സ്നേഹസ്പർശവും ചുംബനവുമൊക്കെ ധാരാളം ലഭിക്കുന്നവരാണ് നാം. എന്നാൽ മുതിർന്നുകഴിഞ്ഞാൽ യൗവ്വനത്തിലെത്തിയാൽ, വാർധക്യത്തിലെത്തിയാൽ ഒക്കെ പ്രിയപ്പെട്ടവരുടെ സ്നേഹത്തിന്റെ തൂവൽസ്പർശവും ചുംബനവുമൊക്കെ ലഭിക്കാറുണ്ടോ? ഉണ്ടെങ്കിൽ അത് എത്രയോ ആശ്വാസമാണ്. പ്രത്യേകിച്ച് തകർച്ചയിലോ നിസ്സഹായതയിലോ ഒക്കെ ഇരിക്കുമ്പോൾ.

സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കുന്നവരാണ് നാമെല്ലാം. പക്ഷെ അത് ചില വലയങ്ങളിൽ മാത്രമായി ചുരുങ്ങിവരുന്നു. എന്തിനൊക്കെയോ വേണ്ടി ചിലപ്പോൾ മനുഷ്യച്ചങ്ങലകൾ മനുഷ്യൻ ഉണ്ടാക്കാറുണ്ടെങ്കിലും അതു കഴിഞ്ഞാൽ പാർട്ടിക്കുള്ളിലും പാരവെയ്പ്പാണ്. കുഞ്ഞുണ്ണിമാഷ് പാടിയിട്ടുള്ളത് ശ്രദ്ധേയമാണ്.

നിനക്കുണ്ടൊരു ലോകം

എനിക്കുണ്ടൊരു ലോകം

നമുക്കില്ലൊരു ലോകം

മനുഷ്യൻ ഒറ്റപ്പെട്ട തുരുത്തായിത്തീരുന്നു. പ്രയാസഘട്ടങ്ങളിൽ അടുത്തുനിൽന്നയാൾ തോളത്തു കയ്യിട്ട് തന്നെയൊന്ന് ചേർത്ത് ചാരത്തുനിന്നിരുന്നെങ്കിലെന്ന് ആഗ്രഹിക്കാത്തവർ ചുരുക്കം.

വേർപാടുകളുടെ മൂർദ്ധന്യതയിലും രോഗക്കിടക്കിയിലും ഒറ്റപ്പെടലിന്റെ നിമിഷങ്ങളിലുമൊക്കെയാണ് മറ്റൊരാളിന്റെ സ്നേഹസ്പർശം നാം അതിയായി ആഗ്രഹിക്കുന്നത്. ഭ്രഷ്ട് കല്പിച്ച് ഒറ്റപ്പെടുത്തപ്പെട്ട കുഷ്ഠരോഗിയെ കർത്താവ് സ്പർശിച്ച് ഒരു മനുഷ്യന്റെ അന്തസ്സിലേക്ക് മടക്കിക്കൊണ്ടുവരികയാണ്. ആ സ്നേഹത്തിൽ ഒരു ഹൃദയമുണ്ട്. മാതൃസ്നേഹത്തിന് തുല്യമാണത്. ഒരമ്മ തന്റെ കുഞ്ഞിനെ ഉമ്മ വെയ്ക്കുമ്പോൾ അവിടെ അമ്മയുടെ സ്നേഹം മാത്രമല്ല ഹൃദയംകൂടിയാണ് അടങ്ങിയിരിക്കുന്നത്. ആ സ്പർശനം ഹൃദയത്തിന്റെ ഭാഷയാണ്. ചില ഡോക്ടർമാർ സ്നേഹത്തോടെ തോളത്തുതട്ടി ഒന്ന് സംസാരിക്കുമ്പോൾ തന്നെ രോഗിക്ക് പകുതി ആശ്വാസമാകും. അതിനാണ് ഹീലിംഗ് ടച്ച് എന്നൊക്കെ പറയുന്നത്. യേശുവിന്റെ സ്പർശനം ഹീലിംഗ് ടച്ചാണ്.

ഉള്ളിൽ സ്നേഹവും വിശ്വാസവുമില്ലാതെ നമ്മെ ആരെങ്കിലും തൊട്ടാൽ നാം അറിയുകപോലുമില്ല. എന്നാൽ സ്നേഹത്തോടും വിശ്വാസത്തോടും രോഗസൗഖ്യത്തിനുള്ള വാഞ്ചയോടുംകൂടി രക്തസ്രാവക്കാരി സ്ത്രീ ജനക്കൂട്ടത്തിനിടയിൽനിന്ന് യേശുവിന്റെ വസ്ത്രവിളുമ്പിൽ തൊട്ടപ്പോൾ പോലും യേശു തിരിച്ചറിഞ്ഞു. സ്പർശനം എന്നതിന് മനസ്സിലാക്കൽ എന്നുള്ള അർത്ഥംകൂടിയുണ്ട്. നമ്മുടെ സ്പർശനം ഒരാളിൽ ഉണ്ടാക്കുന്ന പ്രതികരണത്തിൽ അയാൾക്ക് നമ്മോടു പറയാനുള്ളതെല്ലാം ഒളിപ്പിച്ചുവെച്ചിരിക്കുന്നു.

ദൈവത്തിന്റെ സ്പർശനമേൽക്കുവാൻ നമുക്കും സാധിക്കണം. മറ്റുള്ളവർക്ക് സ്വാന്തനമേകാൻ നമുക്കാവണം. സ്പർശനം, പുഞ്ചിരി, തലോടൽ ഇവയൊക്കെ സൗഖ്യത്തിനുള്ള ഉപാധിയാണ്. യേശുവിന്റെ ശുശ്രൂഷ അതാണ്.

### യേശുവിന് മനസ്സുണ്ട്. പക്ഷെ നമ്മൾ സമർപ്പിക്കണം

നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ സൗഖ്യമാക്കുവാൻ കഴിയും എന്ന കുഷ്ഠരോഗിയുടെ അഭ്യർത്ഥനയ്ക്ക് കർത്താവിന്റെ മുപടി എനിക്ക് മനസ്സുണ്ട്, ശുദ്ധമാക എന്നാണ് (വാക്യം 12,13). യേശുവിന് മനസ്സുണ്ട്, നാം വിശ്വസിക്കുന്നുണ്ടോ എന്നതാണ് പ്രധാനം. ഹൃദയത്തിലെ ആഗ്രഹവും സമർപ്പണവും ഉണ്ടാകണം. അവനെ അന്വേഷിച്ച് കണ്ടുപിടിക്കണം. ശരീരത്തിൽ കുഷ്ഠം ഇല്ലെങ്കിലും ആത്മാവിൽ കുഷ്ഠം ബാധിച്ചവരും മനസ്സിൽ കുഷ്ഠം ബാധിച്ചവരുമൊക്കെ സമൂഹത്തിലുണ്ട്. അങ്ങനെയുള്ളവരും സമൂഹത്തിൽ നിന്ന് ചിലപ്പോൾ ഒറ്റപ്പെടും. ധന്വാന്മാർ പാവങ്ങളിൽനിന്ന് അകലും. സഹോദരൻ സഹോദരനിൽനിന്ന് അകലും. ദരിദ്രർ ദേവാലയത്തിൽനിന്നകലുന്നു. സഭയിൽനിന്ന് അകലുന്നു. ചിലർ ഭൗതികതയിലേക്ക് കൂപ്പുകുത്തുന്നു. എന്നാൽ ദൈവത്തിങ്കലേക്ക് കവിണ്ണുവീണ് സമർപ്പിക്കുന്നവർ ചുരുക്കമാണ്. സമ്പൂർണ്ണമായ സമർപ്പണത്തോടെ കർത്താവിന്റെ അടുക്കൽ എത്തണം. നാം പാടുന്നുണ്ട്

കുശവൻ കയ്യിൽ കളിമണ്ണുഞാൻ

അനുദിനം നീ പണിയേണമേ

അതാണ് യഥാർത്ഥ സമർപ്പണം. കർത്താവിന് മനസ്സുണ്ട്. പക്ഷെ നമ്മൾ സമർപ്പിക്കണം.

പഴയതിനെ ഉപേക്ഷിച്ച് കർത്താവിങ്കലേക്ക് വരണം എങ്കിലേ സമർപ്പണം പൂർണ്ണമാകൂ. വീട് പെയിന്റ് ചെയ്യുന്നതിനുവേണ്ടി പഴയ പെയിന്റൊക്കെ ചുരണ്ടിക്കളഞ്ഞുകൊണ്ടിരുന്ന ജോലിക്കാരനോട് ആ വീട്ടിലെ കുട്ടി ചോദിച്ചു. എന്തിനാ ചേട്ടാ ഈ പഴയ പെയിന്റൊക്കെ ചുരണ്ടിക്കളയുന്നത്. പഴയതിന്റെ പുറത്ത് പുതിയത് അടിച്ചാൽ പോരെ. നിഷ്കളങ്കമായ ചോദ്യത്തിനുത്തരമായി ജോലിക്കാരൻ പറഞ്ഞു. കുട്ടീ പഴയത് കളയാതെ പുതിയത് അടിച്ചാൽ കുറച്ചുനാളത്തേക്കേ നിലനിൽക്കൂ. കുറച്ചു കഴിയുമ്പോൾ പഴയതും പുതിയതും ഒരുമിച്ച് പൊളിഞ്ഞുപോകും. പഴയതിനെ ഉപേക്ഷിക്കാതെയുള്ള സമർപ്പണവും ഇതുപോലെയാണ്.

### പരസ്യമല്ല വേണ്ടത്, ശുദ്ധീകരണ വഴിപാട്

സൗഖ്യം ലഭിച്ച കുഷ്ഠരോഗിയോട് കർത്താവ് പറയുന്നത് ഇക്കാര്യം ആരോടും പറയരുത് എന്നാണ്. എന്നാൽ പോയി നിന്നെത്തന്നെ പുരോഹിതന് കാണിച്ച് അവർക്ക് സാക്ഷ്യത്തിനായി മോശ കല്പിച്ചതുപോലെ നിന്റെ ശുദ്ധീകരണ വഴിപാട് അർപ്പിക്ക എന്ന് അവനോട് പറയുന്നു. ഇന്ന് പരസ്യത്തിന്റെ കാലമാണ്. കർത്താവിന്റെ ചിത്രം വെയ്ക്കാൻ പാടില്ലെന്നു പറയുന്നവർ ആ സ്ഥാനത്ത് സ്വന്തം ചിത്രങ്ങൾ നാടുനീളെ വെയ്ക്കുന്നു. യേശുവാകട്ടെ ഈ സംഭവത്തിനുശേഷം നിർജ്ജന പ്രദേശത്ത് വാങ്ങിപ്പോയി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആൾക്കൂട്ടത്തിനു നടുവിലല്ല, വിജനതയിൽ ദൈവവുമായി ബന്ധപ്പെടുന്നു. പാതിരാത്രിയിൽ ആരും കാണാതെ എഴുന്നേറ്റ് കുമ്പിട്ട് നമസ്ക്കരിക്കുന്ന പിതാക്കന്മാരുടെ ജീവിതമാണ് നമുക്ക് മാതൃക. ആത്മീയത ഉള്ളിലാണ്. പ്രകടനാത്മകമല്ല. ശുദ്ധീകരണം പ്രാപിച്ചവർ വസ്ത്രം അലക്കി രോമം കത്രിച്ച് വെടിപ്പാക്കി വെള്ളത്തിൽ കുളിക്കേണം (ലേവ്യ.14:8). രോമം കത്രിക്കുന്നത് മനുഷ്യന്റെ മൃഗീയസ്വഭാവം ഉപേക്ഷിക്കുന്നതിന്റെയും വസ്ത്രം അലക്കൽ ശുദ്ധീകരണത്തിന്റെയും അടയാളമാണ്. നോമ്പിലൂടെ മൃഗീയസ്വഭാവം വെടിഞ്ഞ് തേജസ്സിന്റെ വസ്ത്രം ധരിക്കുവാൻ ഇന്നത്തെ വേദഭാഗം ആഹ്വാനം ചെയ്യുന്നു.

# ഞായറാഴ്ച വിവാഹങ്ങൾ നിരോധിക്കണം

ശാമുവൽ മാത്യു കുടശ്ശനാട്

ഞായറാഴ്ച വിവാഹങ്ങൾ നിരോധിക്കണം എന്ന തലക്കെട്ടിൽ ബഹു.വർഗീസ് കളീക്കൽ അച്ചൻ എഴുതിയ ലേഖനത്തോട് ക്ഷമാപണപൂർവ്വം വിയോജിക്കുന്നു.

തലക്കെട്ടു കണ്ടാൽതന്നെ ശാബതു ദിവസത്തിൽ ആപത്ക്കരമായ ഏതോ ദുഷ്കർമ്മം ആളുകൾ ചെയ്തുകൊണ്ടിരിക്കുന്നു എന്ന ഭയാനകമായ സൂചന തോന്നിക്കും. വി.കുർബ്ബാന പോലെതന്നെ പാവനമായ ഒരു കൂദാശയല്ലേ വിവാഹം. അന്നൊരു വിവാഹം നടന്നാൽ ശാബതു ലംഘനമാകുമോ. അച്ചൻ സൂചിപ്പിച്ച ഭവിഷ്യത്തുകൾക്ക് ക്രമനമ്പർ പ്രകാരം മറുപടി എഴുതുവാൻ ആഗ്രഹിക്കുന്നു.

1. നല്ല കളക്ഷനുവേണ്ടി സിനിമാ തീയറ്ററുകളിൽ ആളുകൾ ഇടിച്ചുകയറണമേ എന്നു തീയറ്റർ ഉടമകൾ പ്രാർത്ഥിക്കുന്നുണ്ടാവും. അതുപോലെ ദേവാലയത്തിൽ ആൾക്കൂട്ടം വേണമെന്ന നിർബന്ധം എന്തിന്. പത്തുപേരുപോലും ഇല്ലാത്തവയാണല്ലോ ഇടദിവസത്തെ കുർബ്ബാനകൾ. ആളുകളുടെ എണ്ണം കുറഞ്ഞുവെന്നു കരുതി വി.കുർബ്ബാനയുടെ വിശുദ്ധി നഷ്ടപ്പെടുന്നില്ല.

2. പതിവായി മുടങ്ങാതെ നടക്കുന്ന ആദ്ധ്യാത്മിക സംഘടനകളിൽ ആളുകൾ ഒരു ഞായറാഴ്ച അല്പം കുറഞ്ഞുവെന്നു കരുതി അവ നിർജ്ജീവമായിപ്പോവില്ല. പോരെങ്കിൽ പല സംഘടനകളും സമ്മേളിക്കുന്നതു ഉച്ചകഴിഞ്ഞും സന്ധ്യയ്ക്കുമാണ്. അതിനു മുമ്പുതന്നെ വിവാഹം അവസാനിക്കുന്നു.

3. വി.കുർബ്ബാന അനുഷ്ഠിക്കുന്ന വികാരി അച്ചനു കൊച്ചിനെ ഇറക്കിവിടും മുമ്പുള്ള പ്രാർത്ഥനയ്ക്കു പ്രയാസം നേരിട്ടേക്കാം. കുടുംബത്തിലെ കാരണവർ പ്രാർത്ഥിച്ചു കൊച്ചിനെ ഇറക്കിയാലും മതിയെന്നു അച്ചന്മാർതന്നെ കുടുംബാംഗങ്ങളെ പറഞ്ഞു മനസ്സിലാക്കണം.

4. ഒരു വിവാഹത്തിന് 5 മുതൽ 20 വരെ അച്ചന്മാരോ. എന്തായാലും വിവാഹം നടക്കുന്ന പള്ളിയിലെ അച്ചൻ തീർച്ചയായും ഉണ്ടായിരിക്കും. പുറമേ തിരുമേനിമാരും വിരമിച്ച അച്ചന്മാരും സുലഭമാണ്.

അച്ചൻ നിർദ്ദേശിച്ച പരിഹാരം എങ്ങനെ ശരിയാവും. ബുധനാഴ്ച വിവാഹം നടത്താനാവില്ല. നോമ്പുദിവസമാണ്. ശനി ശാബതിന്റെ തലേദിവസം ആകയാൽ വധൂവരന്മാരുടെ ആദ്യരാത്രിയാണു ശനിയാഴ്ച രാത്രി. അവർക്കും. പുതുമണവാളനെ വാരിക്കോരി സൽക്കരിക്കുന്ന മണവാട്ടിയുടെ വീട്ടുകാർക്കും പിറ്റേദിവസം ഞായറാഴ്ച പള്ളിയിൽ പോകാനൊക്കില്ല. ഞായറാഴ്ച ദൈവനാമ മഹത്വത്തിനായി മാത്രം പ്രവർത്തിക്കണം എന്നതു ശരി. സമ്മതിച്ചു. പാവനമായ വിവാഹകൂദാശ ദൈവനാമ മഹത്വത്തിന് എതിരാണോ?

ഞായറാഴ്ച വിവാഹങ്ങൾ നടത്തിയാലുള്ള ഗുണങ്ങൾ

1. കൂലിവേലക്കാർ മുതൽ ഉന്നത ഉദ്യോഗസ്ഥർക്കുവരെ ഒരു അവധി ദിവസമാണ് ഞായർ. ജോലിക്ക് തടസ്സം ഉണ്ടാക്കാതെ ശാന്തമായും സന്തോഷമായും സംബന്ധിക്കുകയും സൗഹൃദം പുതുക്കുകയും ചെയ്യാവുന്ന ഒരു ദിവസമാണ്. അന്ന് വി.കുർബ്ബാന മുടക്കി വിനോദയാത്രയ്ക്കോ സിനിമയ്ക്കോ പോവുകയല്ലല്ലോ. ഒരു കാരണവശാലും അവധി എടുക്കാനാവാത്ത ഉദ്യോഗസ്ഥർ കാണും. ഒരു ഇടദിവസത്തെ കൂലി നഷ്ടമായാൽ കുടുംബം പട്ടിണിയാവുന്ന കൂലിവേലക്കാർ കാണും. ഇവരെ ഒന്നും മറന്നുകൂടാ. ഒരു മംഗളകർമ്മത്തിനുവേണ്ടി ഒരു ഞായറാഴ്ചത്തെ വി.കുർബ്ബാന മുടങ്ങിയാലും തെറ്റില്ല. കാരണം 80 വർഷം ജീവിച്ചിരിക്കുന്ന ഒരു വ്യക്തിയുടെ ജീവിതത്തിൽ വേറെ 4000ൽപരം ഞായറാഴ്ചകൾ അവശേഷിക്കുന്നു. കൂടാതെ ഒഴിവുള്ള ഇടദിവസങ്ങളിലെ കുർബ്ബാനകളും.

2. കേരളത്തിലെ സ്ഥിതി കണക്കാക്കിയാൽ ഹർത്താലോ ബന്ദോ സമരമോ ഒന്നും ഇല്ലാത്ത ശാന്തമായ ഒരു ദിവസമാണ് ഞായർ. വാഹനങ്ങൾ ലഭിക്കുവാനും ഓടാനും യാതൊരു തടസ്സവും ഉണ്ടാവില്ലെന്നു ഉറപ്പുള്ള, മറ്റു ദിവസങ്ങളെ അപേക്ഷിച്ചു റോഡിൽ തിരക്കു കുറഞ്ഞ ആ ദിവസത്തേക്കാൾ അഭികാമ്യമായ വേറെ ഏതു ദിവസം ഉണ്ട്. അതുകൊണ്ടു ഞായറാഴ്ച വിവാഹത്തെ പരമാവധി പ്രോത്സാഹിപ്പിക്കണം.

കതിർ പറിച്ചു തിന്നതുപോലും ശാബതു ലംഘനമെന്നു വ്യാഖ്യാനിച്ച സാഹചര്യമോ സംസ്ക്കാരമോ അല്ല ഇന്ന്. അയ്യപ്പഭക്തന്മാർക്ക് പള്ളിയിൽ ഊഷ്മള വരവേൽപ്പ് നൽകി സ്വീകരിച്ച (മനോരമ 15-01-2010) മതമൈത്രിയുടെയും സൗഹൃദത്തിന്റെയും നാടാണു നമ്മുടേത്. ഞായറാഴ്ച ദൈവത്തിനു നിരക്കുന്ന നല്ല കാര്യങ്ങൾ മാത്രം ചെയ്യുന്നുവെന്നു നമുക്കു ഉറപ്പുവരുത്താം, അതിനായി പ്രാർത്ഥിക്കാം.

ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ ആസ്ഥാനത്ത് സൗത്ത് ഈസ്റ്റ് ഏഷ്യയുടെ ക്ലൈമറ്റ് ചേഞ്ച് സ്പെഷ്യലിസ്റ്റായി ചാർജ്ജെടുത്ത ഡോ.പ്രതീപ് തരകൻ. യുണൈറ്റഡ് സ്റ്റേറ്റ് ഏജൻസി ഫോർ ഡവലപ്മെന്റിന്റെ ഇക്കോ ഏഷ്യാ പ്രോജക്റ്റിന്റെ സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളുടെ ഡെപ്യൂട്ടി ടീം ലീഡറായിരുന്നു.

പാടത്തുമാപ്പിള കുടുംബാംഗമായ പി.സി. ചാക്കോ തരകന്റെയും മറിയാമ്മ തരകന്റെയും പുത്രനായ ഡോ.തരകൻ ബാംഗ്ലൂർ സെന്റ് സ്റ്റീഫൻസ് ഇടവകാംഗമാണ്.

# ബെന്നിയെന്ന സംഗീതസംവിധായകൻ

ആലപ്പുഴ തൈപ്പറമ്പിൽ വീട്ടിൽ റോബർട്ട് ഫെർണാണ്ടസിന്റെയും ജയിൻ ഫെർണാണ്ടസിന്റെയും മകനായ ബെന്നി 17-ാം വയസ്സിൽ കലാരംഗത്തേക്ക് വന്നു. ബൈബിൾ നാടകങ്ങൾ അവതരിപ്പിക്കുന്ന ആലപ്പി തീയറ്റേഴ്സിൽ കൂടിയായിരുന്നു അരങ്ങേറ്റം. ഗായകനായും ഹാർമോണിസ്റ്റായും അവിടെ പ്രവർത്തിച്ചു. 10 വർഷത്തോളം അവിടെ സഹകരിച്ച ബന്നി കേരളത്തിലെ ഒട്ടുമിക്ക നാടക സമിതികളിലും സംഗീതരംഗത്ത് പ്രവർത്തിച്ചു. ഗുരുസ്ഥാനത്ത് ആലപ്പുഴ ചെല്ലൻ ഭാഗവതരും കുഞ്ഞുപണിക്കർ ഭാഗവതരുമായിരുന്നു. എന്നാൽ വർഷങ്ങൾക്കുശേഷം സിനിമാരംഗത്തെ മെലഡീ ഗാനങ്ങളുടെ രാജാവായിരുന്ന സംഗീതസംവിധായകൻ ശ്രീ.എം.എസ്. ബാബുരാജ് മാസ്റ്ററെ പരിചയപ്പെടുകയും അദ്ദേഹത്തിന്റെ മനസ്സിനിണങ്ങിയ സഹായിയായി സംഗീതരംഗത്ത് പിടിച്ചുനിന്നു. അതോടെ സംഗീത സംവിധായകൻ എന്ന പേരിലേക്ക് വന്നു. ആകാശവാണിയിൽ സംഗീതസംവിധായകൻ, കൊല്ലം ജവഹർ ബാലഭവനിൽ സംഗീത ടീച്ചർ, കേരളത്തിലെ ഒട്ടുമിക്ക നാടക സമിതികളിൽ സംഗീത സംവിധായകൻ, ധാരാളം ക്രിസ്തീയ ഭക്തിഗാനങ്ങൾക്ക് സംഗീതം നൽകിയ ഓഡിയോ സി.ഡി.കളിൽ പ്രശസ്തരായവരെക്കൊണ്ടു പാടിപ്പിച്ചു. ആൽബം, ടെലിഫിലിം എന്നിവ ചെയ്തു. നമ്മുടെ പ്രിയങ്കരനായിരുന്ന പ്രധാന മന്ത്രി രാജീവ് ഗാന്ധി മരിച്ചപ്പോൾ രാജീവ് ജ്യോതി എന്ന കാസറ്റ് കേരളത്തിനു സമർപ്പിച്ചു. ദുഃഖവെള്ളിയാഴ്ചയിൽ നടക്കുന്ന കർത്താവിന്റെ പീഢാനുഭവയാത്ര 14 രാഗങ്ങളിൽ ഗാനങ്ങൾ എഴുതി സംഗീതം നൽകി കാൽവരിയാത്ര എന്ന പേരിൽ സി.ഡി. ഇറക്കി.

ഈ ക്രിസ്തുമസ്സിന് അതുല്യനടൻ മോഹൻലാലും, പ്രശസ്ത ഗായകരും പാടി തിരുപ്പിറവി എന്ന പേരിൽ സി.ഡി. ഇറക്കി. ഇതിന്റെ ഗാനരചന ആർച്ചുബിഷപ്പ് കോർന്നേലിയോസ് ഇലഞ്ഞിക്കൽ ആയിരുന്നു. സംഗീതരംഗത്ത് കീബോർഡ്, ഗിറ്റാർ എന്നിവ അനായാസം കൈകാര്യം ചെയ്യുന്ന തികച്ചും യേശുനാഥനിൽ ശരണം തേടി ജീവിക്കുന്ന ബെന്നിയെ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ.ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തിരുമേനിക്ക് നന്നായി അറിയം. തിരുമേനിയുടെ അനുഗ്രഹവും അദ്ദേഹത്തിന് കിട്ടിയിട്ടുണ്ട്.

ശ്രീ.ബെന്നി എന്ന കലാകാരൻ ഇന്ന് ഒരു കാൽ നഷ്ടപ്പെട്ട് തകർന്ന് കഴിയുന്നു. 1996 മാർച്ച് മാസം ഉണ്ടായ ഒരു വാഹനാപകടത്തിൽ ബെന്നിയുടെ ഇടതുകാൽ നഷ്ടപ്പെട്ടു. ഒരു കാൽ നഷ്ടപ്പെട്ടെങ്കിലും കരുണാമയനായ കർത്താവിന്റെ കാരുണ്യത്താൽ മനസ്സു തളരാതെ ജീവിക്കുന്നു. അതിനായ് നല്ല ഒരു കൃത്രിമകാൽ വേണം. അതിന്റെ വില 70000 രൂപയാകുന്നു. സാമ്പത്തികമായി ആകെ തകർന്നു കഴിയുന്ന ബെന്നിക്ക് ഈ കാല് വാങ്ങുവാൻ സാമ്പത്തികം തന്നെ തടസ്സം നിൽക്കുന്നു. ഈ കൃത്രിമകാൽ വാങ്ങുവാൻ യേശുനാഥൻ പഠിപ്പിച്ച പരസ്പര സ്നേഹം കൈമുതലായുള്ള നല്ല മനസ്സുകളുടെ സഹായം തേടുന്നു. സഹായങ്ങൾ അയക്കേണ്ട വിലാസം ബെന്നി റോബർട്ട്, ഗോവിന്ദ മന്ദിർ, കന്നേറ്റ്മുക്ക്, തൈക്കാട് പി.ഒ., തിരുവനന്തപുരം 695014, ഫോൺ : 9846196232

## ഹൈക്കോടതിവിധി ..... പേജ് 1–ൽനിന്ന്

ക്ടർ, ആർ.ഡി.ഒ., ഐ.ജി., എസ്.പി., റവന്യു തുടങ്ങിയ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ 500-ഓളം പോലീസുകാരും രണ്ട് കമ്പനി ആംഡ് പോലീസും സെമിനാരിയിലും പരിസരത്തുമായി നിലയുറപ്പിച്ചിരുന്നു. പള്ളിക്കു ചുറ്റും കനത്ത പോലീസ് ബാരിക്കേഡ് ഉയർത്തിയിരുന്നു. ചെറിയ സംഘങ്ങളായാണ് ഇരുവിഭാഗം വിശ്വാസികളെയും പള്ളിയിലേക്ക് പ്രവേശിപ്പിച്ചത്.

നീണ്ട ഇടവേളയ്ക്കുശേഷം തൃക്കുന്നത്ത് സെമിനാരി പള്ളി തുറന്ന് നൽകാനുള്ള കോടതി ഉത്തരവിനെ ഇരുവിഭാഗവും സ്വാഗതം ചെയ്തു.

# ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ ബ്രിട്ടീഷ് ഓർത്തഡോക്സ് സഭാതലവന് സ്വീകരണം

കായംകുളം : ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി സന്ദർശിച്ച ബ്രിട്ടീഷ് ഓർത്തഡോക്സ് സഭാതലവൻ അബ്ബാ സെറാഫീൻ മെത്രാപ്പോലീത്തായ്ക്കും സംഘാംഗങ്ങൾക്കും ഊഷ്മള വരവേല്പ് നൽകി. ഈസ്റ്റേൺ ക്രിസ്ത്യൻ ലിങ്ക്സ് എക്യുമെനിക്കൽ ഡെലിഗേഷൻ ഓർത്തഡോക്സ് മിഷൻ മേധാവിയും റഷ്യൻ ഓർത്തഡോക്സ് സഭാംഗങ്ങളും ആംഗ്ലിക്കൻ സഭാംഗങ്ങളും ഉൾപ്പെടുന്ന ആറംഗ സംഘമായിരുന്നു ഡെലിഗേഷനിലുണ്ടായിരുന്നത്. ചേപ്പാട് പള്ളി മദ്ബഹായിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള ചുവർചിത്രങ്ങളും എത്യോപ്യൻ ചക്രവർത്തി ഹെയ്ലി സലാസി പള്ളിക്ക് സമ്മാനിച്ച പരവതാനിയും അംഹറിക്ക് ഭാഷയിലുള്ള വേദപുസ്തകവും എത്യോപ്യൻ കുരിശും മറ്റു പുരാവസ്തുക്കളും വീക്ഷിച്ച സംഘം ചേപ്പാട്ട് മാർ ദീവന്നാസിയോസ് തിരുമേനിയുടെ കബറിടത്തിലും ഐ ഡാനിയേൽ കോർഎപ്പിസ്കോപ്പായുടെ കല്ലറയിലും ധൂപപ്രാർത്ഥന നടത്തി.

## ചരിത്രസംഭവമായി മാറിയ .... പേജ് 3–ൽനിന്ന്

പൂട്ടിക്കിടക്കുന്ന തൃക്കുന്നത്ത് സെമിനാരി പള്ളി തുറന്ന് ഇരുകൂട്ടരും സമയക്രമമനുസരിച്ച് ആരാധന നടത്താനായിരുന്നു ഹൈക്കോടതി ഉത്തരവ്. പാത്രിയർക്കീസ് വിഭാഗത്തിനുകൂടി ആരാധനയ്ക്കു അവസരം നൽകിയുണ്ടായ കോടതിവിധി സെമിനാരിയും പള്ളിയും തങ്ങളുടേത് മാത്രമാണെന്ന് അവകാശവാദമുന്നയിച്ചിരുന്ന ഓർത്തഡോക്സ് സഭയ്ക്കേറ്റ വലിയ തിരിച്ചടിയാണെന്ന് പറയാതെ വയ്യ. ഓർത്തഡോക്സ് സഭ കൊടുത്ത ഒരു കേസിൽ സഭയ്ക്ക് എതിരെ കോടതിവിധി ഉണ്ടായത് വടികൊടുത്ത് അടിവാങ്ങിയതു പോലെ എന്നു പറയാം. പള്ളി പൂർണ്ണമായി ഓർത്തഡോക്സ് സഭയുടേത് മാത്രമാണെന്ന ഒരു വിധി ഇനിയും എന്നെങ്കിലും ഉണ്ടാകുമെന്ന് ഇപ്പോഴത്തെ വിധിയുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കാൻ സാധ്യമല്ല. സഭയുടെ കേസ് നടത്തിപ്പിന്റെ പരാജയമാണിതെന്ന് ആരോപിക്കുന്നവരുമുണ്ട്. നിയമാനുസൃതമായും കോടതിവിധിയുടെ ബലത്തിൽ അവകാശം സ്ഥാപിച്ചും ജില്ലാ ഭരണകൂടത്തിന്റെയും പോലീസ് അധികാരികളുടെയും പിന്തുണയിലും സംരക്ഷണയിലും ശ്രേഷ്ഠ ബാവായും മെത്രാന്മാരും വൈദികരും യാക്കോബായ സഭാവിശ്വാസികളും സെമിനാരി പള്ളിയിൽ കയറുന്നത് നിസ്സഹായരായി നോക്കിനിൽക്കേണ്ടിവന്നു ഓർത്തഡോക്സ് സഭയ്ക്ക്.

Vol. 16 Issue 7
February 1-15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/
163/2009-2011

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 58/2009-11

ചിരിവര —————— ജോയി കുളനട

# പൗരസ്ത്യ ആരാധനയുടെ അർത്ഥവും ശ്രേഷ്ഠതയും മനസ്സിലാക്കണം : ഫാ.ഡോ. എം.ഒ.ജോൺ

പത്തനംതിട്ട : പൗരസ്ത്യ ആരാധനയുടെ അർത്ഥവും ശ്രേഷ്ഠതയും മനസ്സിലാക്കി ആരാധനയിൽ സംബന്ധിക്കണമെന്ന് ഫാ. ഡോ.എം.ഒ.ജോൺ പറഞ്ഞു. തോട്ടുപുറം സെന്റ് മേരീസ് ഓർത്തഡോക്സ്പള്ളിയിൽ നടന്ന തുമ്പമൺ ഭദ്രാസന ഓമല്ലൂർ ഡിസ്ട്രിക്റ്റ് സണ്ടേസ്ക്കൂൾ അദ്ധ്യാപക പരിശീലന സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു ഫാ.ഡോ.എം.ഒ.ജോൺ. വിവിധ രാജ്യങ്ങളിലും വ്യത്യസ്ത സംസ്ക്കാരങ്ങളിലും വളർന്നുവന്ന ക്രൈസ്തവ സമൂഹത്തെ ഒറ്റച്ചരടിൽ കോർത്തിണക്കിയിരുന്നത് പൗരാണിക ആരാധനയിലുള്ള ബന്ധവും സാമ്യവുമായിരുന്നു എന്നും അദ്ദേഹം പറഞ്ഞു. ഫാ.മാത്യൂസ് ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ഫാ.ജോർജ് മാത്യു ഉദ്ഘാടനം ചെയ്തു. ടൈറ്റസ് മാത്യു, ഒ.എസ്.തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

## പെരുന്നാളും ഇടവകദിനവും

ഛത്തീസ്ഗഡ് : രാജനന്ദഗാവ് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയുടെ പ്രതിഷ്ഠാപ്പെരുന്നാളും ഇടവകദിനവും ജനുവരി 1,2,3 തീയതികളിൽ സമുചിതമായി ആഘോഷിച്ചു. ജനുവരി 1,2 തീയതികളിൽ വി.കുര്യാക്കോസ് ആത്മീയപ്രഭാഷണം നടത്തി. മൂന്നാം തീയതി കൽക്കട്ടാ ഭദ്രാസന സെക്രട്ടറി ഫാ.ഡോ.ഏബ്രഹാം ഉമ്മൻ വി.കുർബ്ബാന അർപ്പിച്ചു. തുടർന്ന് നടന്ന ഇടവകദിനാഘോഷത്തിൽ ഇടവക വികാരി ഫാ.രാജു തോമസ് കൈതവന അദ്ധ്യക്ഷത വഹിച്ചു. ഫാ.ഏബ്രഹാം ഉമ്മൻ, റവ.സിസ്റ്റർ ആൻ തുടങ്ങിയവർ പ്രസംഗിച്ചു. എൻ.ഐ.ജോർജ് ഇടവകയുടെ പ്രവർത്തന റിപ്പോർട്ട് വായിച്ചു. എൻ.ഐ.കുറിയാക്കോസ് നന്ദി പ്രകാശിപ്പിച്ചു. സഹോദരീസഭകളിൽനിന്നും അനേകർ പങ്കെടുത്തു.

## ആതുരസേവനം ക്രൈസ്തവ ദർശനം : മാത്യൂസ് മാർ തേവോദോസിയോസ്

ഇടുക്കി : മാനുഷിക മൂല്യങ്ങൾക്ക് വില കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ദുഃഖിക്കുന്നവരുടെ നേരെ മനസ്സു തുറക്കുവാനും അവരുടെ കണ്ണീരൊപ്പുവാനും ഓരോ വ്യക്തിക്കും ബാധ്യതയുണ്ടെന്നും ആതുരസേവനം ക്രൈസ്തവ ദർശനമായി നാം സ്വീകരിക്കണമെന്നും ഓർത്തഡോക്സ് ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്താ മാത്യൂസ് മാർ തേവോദോസിയോസ് പ്രസ്താവിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ ഇടുക്കി ഭദ്രാസന സേവന വിഭാഗമായ ഗ്രേയ്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ടെക്സാസ് സെന്റ് ഗ്രിഗോറിയോസ് ചർച്ച് ഏർപ്പെടുത്തിയ രോഗികൾക്കായുള്ള സാമ്പത്തിക സഹായ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗ്രേയ്സ് സൊസൈറ്റി ഡയറക്ടർ ഫാ.കുര്യാക്കോസ് വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ഗ്രേയ്സ് സൊസൈറ്റി സെക്രട്ടറി ഫാ.കെ.റ്റി.ജേക്കബ്, അരമന മാനേജർ ഫാ.കുര്യാക്കോസ് ചാണ്ടി, ഫാ.ജോർജ് പി.ജോൺ, സഭാമാനേജിംഗ് കമ്മിറ്റി മെമ്പർ സി.കെ.ജേക്കബ് എന്നിവർ പ്രസംഗിച്ചു.

## നാലാം ഓർമ്മപ്പെരുന്നാൾ

ശാസ്താംകോട്ട : മൗണ്ട് ഹോറേബ് മാർ ഏലിയാ ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ നാലാം ഓർമ്മപ്പെരുന്നാൾ ജനുവരി 24 മുതൽ 30 വരെ ആഘോഷിച്ചു. പെരുന്നാൾ ആഘോഷങ്ങൾക്ക് പ.ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായും ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായും സഭയിലെ മറ്റു മെത്രാപ്പോലീത്തന്മാരും നേതൃത്വം നൽകി. സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ച അനുസ്മരണ സമ്മേളനം മന്ത്രി പി.ജെ. ജോസഫ് ഉദ്ഘാടനം ചെയ്തു.

## പുസ്തക പ്രകാശനം

അടൂർ : സെന്റ് സിറിൾസ് കോളജ് ചരിത്ര വകുപ്പ് മേധാവിയും കേരളാ സർവ്വകലാശാല സെനറ്റ് അംഗവും മലങ്കര ഓർത്തഡോക്സ് അസോസിയേഷൻ പ്രതിനിധിയുമായ ഡോ.വർഗീസ് പേരയിൽ രചിച്ച മാർ അഹത്തള്ളാ ബാവാ - മലങ്കരയുടെ പ്രഥമ രക്തസാക്ഷി എന്ന ഗ്രന്ഥത്തിന്റെ പ്രകാശന കർമ്മം പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു. തുമ്പമൺ സെന്റ് മേരീസ് ഭദ്രാസന ദേവാലയത്തിലെ മാർ അഹത്തള്ളാ ബാവായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചാണ് പുസ്തകം പ്രസിദ്ധീകരിച്ചത്. നിരണം ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ജോസഫ് എം.പുതുശ്ശേരി എം.എൽ.എ. ആദ്യപ്രതി ഏറ്റുവാങ്ങി. പ്രസാർഭാരതി ഡയറക്ടർ ഡോ.ജോർജ് വർഗീസ് പുസ്തക പരിചയം നടത്തി. വികാരി ഫാ.കെ.എം.തോമസ്, ട്രസ്റ്റി സാമുവൽ കോശി, സെക്രട്ടറി റ്റി.വി.ഫിലിപ്പ്, ജനറൽ കൺവീനർ ജോർജ് മാത്യു, പ്രോഗ്രാം കൺവീനർ ഷിബു കെ.ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

## തേജസ്സ് – 2010

കോട്ടയം : പൗരാണിക കലകളെ സംരക്ഷിക്കാൻ യുവജനങ്ങളുടെ കൂട്ടായ ശ്രമം ആവശ്യമാണെന്ന് കഥാകാരി കെ.ആർ.മീര അഭിപ്രായപ്പെട്ടു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര കലാമേള (തേജസ് 2010) ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. പ്രസിഡന്റ് യൂഹാനോൻ മാർ പോളികാർപ്പോസ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഫാ.സ്പെൻസർ കോശി, വൈസ് പ്രസിഡന്റ് ഫാ.ജേക്കബ് ചന്ദ്രത്തിൽ, ട്രഷറാർ ഉമ്മൻ ജോൺ, കെ.വൈ.ബിജു, സാം വർഗീസ് എന്നിവർ പ്രസംഗിച്ചു.

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001
and Published at Kottayam. Editor: Kunjumon T. Omallor